# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം-1)256/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/03/2026
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തൃശ്ശൂർ (ഇ-മെയിൽ)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം-1)256/26 തീയ്യതി: 30/03/2026

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-02-2025 മുതൽ 13-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-03-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ. കെ. | ജോയിന്റ് ഡയറക്ടർ | 02-03-2026 | 13-03-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-03-2026 | 13-03-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സീനത്ത് പി.എ., ഓഡിറ്റ് ഓഫീസർ
ബേബി പി. വി., ഓഡിറ്റ് ഓഫീസർ
നിർമ്മൽ കെ. ജി., ഓഡിറ്റ് ഓഫീസർ (10.03.2026 മുതൽ)
സോന കെ. സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോയ്സൻ സി. ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
നിഷ കെ. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
നിലൂഫർ ബി. ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ (10.03.2026 മുതൽ)
രേഖ ഇ. സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
റിതുമോൾ എം. എസ്., ഓഡിറ്റർ (10.03.2026 മുതൽ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടി. കെ. ഗീത | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| വ്യജ എൻ. കെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത്ത് എസ്. | കൃഷി ഓഫീസർ | 01-04-2024 | 12-12-2024 |
| അശ്വതി കെ. | കൃഷി ഓഫീസർ | 13-12-2024 | 31-03-2025 |
| ബിന്ദു കെ.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. പ്രവീൺ ബി. വിശ്വം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ദീപ വിജയൻ ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 30-11-2024 |
| ഡോ. സുധ പി. | മെഡിക്കൽ ഓഫീസർ, അഡീഷണൽ ചാർജ്ജ് (ആയുർവേദം) | 01-12-2024 | 19-12-2024 |
| ഡോ. സൗമ്യമോൾ | മെഡിക്കൽ | 20-12-2024 | 01-01-2025 |

| | | | |
|---|---|---|---|
| പി. എം. | ഓഫീസർ, അഡീഷണൽ ചാർജ്ജ് (ആയുർവേദം) | | |
| ഡോ. ദീപ വിജയൻ ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 02-01-2025 | 23-01-2025 |
| ഡോ. സൗമ്യമോൾ പി. എം. | മെഡിക്കൽ ഓഫീസർ, അഡീഷണൽ ചാർജ്ജ് (ആയുർവേദം) | 24-01-2025 | 14-03-2025 |
| ഡോ. സിമി എൻ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-03-2025 | 31-03-2025 |
| ഡോ. മഞ്ജുഷ മേനോൻ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. ഇന്ദു എസ് നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| അഖിൽ ജി. സി. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II | 01-04-2024 | 31-03-2025 |
| ഡോ. ഉണ്ണികൃഷ്ണൻ കെ. | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2024 | 31-05-2024 |
| ഡോ. വി.എം. ശ്യാംകുമാർ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-06-2024 | 31-03-2025 |
| സുകന്യ കെ.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 23-08-2024 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 24-08-2024 | 17-09-2024 |
| വിജിൻ കെ. വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-09-2024 | 31-03-2025 |
| സുമിത ഇ. ബി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| വിനോദ്കുമാർ.ബി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ | 01-04-2024 | 23-08-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഒഴിവ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 24-08-2024 | 17-09-2024 |
| വിജിൻ.കെ.വി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 18-09-2024 | 31-03-2025 |
| ബേബി.എസ് | ക്ലീൻ സിറ്റി മാനേജർ | 01-04-2024 | 30-10-2024 |
| രാജീവ്കുമാർ.ആർ | ക്ലീൻ സിറ്റി മാനേജർ | 01-11-2024 | 31-03-2025 |
| ഷിനി ജോസ് ഐ. | ഹെഡ്മിസ്ട്രസ്, കെ.കെ.ടി.എം.ഗവ. ഗേൾസ് ഹൈസ്കൂൾ, കൊടുങ്ങല്ലൂർ | 01-04-2024 | 31-03-2025 |
| പുഷ്ക്കല പി. | പ്രിൻസിപ്പാൾ, ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, കൊടുങ്ങല്ലൂർ | 01-04-2024 | 31-03-2025 |
| ഡോ. നോബിൻ കെ. ബാലൻ | മെഡിക്കൽ ഓഫീസർ, ഇൻ-ചാർജ്ജ് (എഫ്.എച്ച്.സി) | 01-04-2024 | 31-10-2024 |
| ഡോ. ജീന കെ. ജെ. | മെഡിക്കൽ ഓഫീസർ, ഇൻ-ചാർജ്ജ് (എഫ്.എച്ച്.സി) | 01-11-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | വികസന ഫണ്ട് KSWMP ചെലവ് Capital Contribution ലേക്ക് മാറ്റിയിട്ടില്ല. | 1-1-2 |
| 4 | സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | വരവ് തുകകൾ തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-6 |
| 8 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-7 |
| 9 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-8 |
| 10 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ - ഹാജരാക്കിയിട്ടില്ല | 1-1-10 |
| 12 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-11 |
| 13 | പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | ഡെയിലി കളക്ഷൻ തുക അടവാക്കിയതിൽ കുറവ് | 1-9 |
| 22 | Own Fund അക്കൗണ്ടിൽ നിന്നും ബാങ്ക് TDS ഇനത്തിൽ തുക ഈടാക്കുന്നു | 1-10 |
| 23 | മൊബൈൽ ടവറുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-12 |

| | | |
|---|---|---|
| 25 | വാടക കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 26 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 27 | ലേല കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 28 | ക്രിമിറ്റോറിയം-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 29 | തൊഴിൽ നികുതി-അപാകങ്ങൾ | 1-17 |
| 30 | പെർമിറ്റ് ഫീ കുറവായി ഈടാക്കി | 1-18 |
| 31 | പെർമിറ്റ് ഫീ -അധികരിച്ച തുക ഈടാക്കി | 1-19 |
| 32 | KCZMA അനുമതിയിൽ അധികരിച്ച നിർമ്മാണം - അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-20 |
| 33 | ഒക്യുപൻസി നൽകിയതിലും അധികരിച്ച ഏരിയക്ക് വസ്തുനികുതി ഈടാക്കി | 1-21 |
| 34 | മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയെങ്കിലും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല | 1-22 |
| 35 | കെട്ടിടങ്ങൾക്ക് നിയമവിരുദ്ധമായി നികുതി ഒഴിവാക്കി നൽകി | 1-23 |
| 36 | അർബൻ കിച്ചൺ ബിൻ - വിതരണം പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 37 | ഫൈബർ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ -സബ്സിഡി അധികം നൽകി- സർക്കാരിന് നഷ്ടം 91,700 രൂപ | 1-25 |
| 38 | മുൻകൂർ തുക നൽകിയ പ്രവൃത്തി -ഡബിൾ ചേംബർ നാപ്കിൻ ഇൻസിനിറേറ്റർ പ്രവർത്തന ക്ഷമമായില്ല | 1-26 |
| 39 | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-27 |
| 40 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-28 |
| 41 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 42 | ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങി | 1-30 |
| 43 | ബില്ലിൽ നിന്നും GST-TDS നടത്തിയിട്ടില്ല | 1-31 |
| 44 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് ഫയലുകൾ ഹാജരാക്കിയില്ല 54,21,354 രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 45 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി രേഖകൾ ലഭ്യമാക്കിയില്ല 3,45,483 രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 46 | സുലേഖ ചെലവ്സ്റ്റേറ്റ്മെന്റിൽ യഥാർത്ഥ ചെലവ് വിവരം ഉൾപ്പെട്ടില്ല | 1-34 |

| | | |
|---|---|---|
| 47 | മൊബൈൽ എഫ്.എസ്.ടി.പി-മോണിറ്ററിംഗ് കാര്യക്ഷമമല്ല- ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 1-35 |
| 48 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടി സ്വീകരിക്കണം | 1-36 |
| 49 | സ്റ്റീൽ പ്രവൃത്തികൾ -ഹോളോ ട്യൂബുകളുടെ കനം രേഖപ്പെടുത്തുന്നില്ല. സിപിഡബ്ലിയുഡി 2009, ഇന്ത്യൻ സ്റ്റാന്റേഡ് 1200:1993 ഭാഗം 8 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-37 |
| 50 | ഹൈവേ നിർമ്മാണ കമ്പനി പൊളിച്ച ടൗൺഹാൾ കോമ്പൗണ്ട് വാൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം | 1-38 |
| 51 | ജി.എൽ.പി.എസ്.ബി.എച്ച്.എസ് കോമ്പൗണ്ട് വാൾ നിർമ്മാണം-അധിക തുക നൽകി | 1-39 |
| 52 | വിവിധ സെക്ഷനുകളിലേക്ക് അലമാര ,വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റി മുറികളിലേക്ക് മേശയും കസേരയും-ജെം മുഖേന വാങ്ങൽ നടത്തിയില്ല | 1-40 |
| 53 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-41 |
| 54 | ആറാട്ട്കടവ് റോഡ് ടൈൽ വിരിക്കൽ -ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-42 |
| 55 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-43 |
| 56 | മുൻസിപ്പൽ പെൻഷൻ ഫണ്ട്-അവലോകനം | 1-44 |
| 57 | കെ.സ്മാർട്ട് സോഫ്റ്റ്വെയറിലെ പരിമിതികളും അപാകതകളും-ഓഡിറ്റ് അവലോകനം | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഫൈബർ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ -സബ്സിഡി അധികം നൽകി- സർക്കാരിന് നഷ്ടം 91,700 രൂപ | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രിമീയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025 തീയതിയിലെ നം. 1 തീരുമാനം പ്രകാരം അംഗീകരിച്ച് 21.02.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി: 30.03.2026

ജോയിന്റ് ഡയറക്ടർ

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

1. മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

2024-25 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | റിമാർക്സ് |
|---|---|---|---|---|
| 39/25 പെയിൻ & പാലിയേറ്റീവ് കെയർ | 3,40,604 | J-M080300-24000817/ 14.03.25 | Health Related Programs 2520602<br>Public Sanitation - Related Activities | 2,06,449 രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |
| 42/25 NCD യിലേക്ക് മരുന്ന വാങ്ങൽ | 4,25,000 | J-M080300-24001128 /10.12.24 | 2521701<br>Allied Institution Service<br>Delivery Improvement | 81,032 രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |

2. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത് ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

2024-25 വർഷത്തിൽ താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബിയ്ക്ക് തുകകൾ ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ്/ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് / സ്ഥാപനം | വൗച്ചർ നമ്പർ/തീയതി | ഡെപ്പോസിറ്റ് തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | പ്രോജക്റ്റ് - 506/25 , കൊടുങ്ങല്ലൂർ നഗരസഭ- നാപ്കിൻ ഇൻസിനിറേറ്റർ ഡബിൾ ചേംബർ സ്ഥാപിക്കൽ<br>RAIDCO Kerala Ltd | P-M080300-24001627/ 14.03.2025 | 14,98,600<br>സി.എഫ്.സി | 2521903<br>Public Sanitation - Related Activities |
| 2 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (381/25) | J-M080300-24000776/ 28-11-2024 | 25,397<br>Development Fund - General | 4103205- Distribution & Regulation |

| | | | | |
|---|---|---|---|---|
| | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, Kodungallur | | | |
| 3 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (381/25) കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, Kodungallur | J-M080300-24001009/ 26.03.25 | 20,033 Development Fund - General | System - Public Lighting |
| 4 | പി ഭാസ്കരൻ മെമ്മോറിയൽ ഹയർ സെക്കന്ററി സോളാർ പാനൽ ഇൻസ്റ്റലേഷൻ,236/25 ഡിസ്ട്രിക്റ്റ് എഞ്ചിനീയർ, അനർട്ട് | J-M080300-24000699/ 28.09.24 | 14,68,500 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 4104001-Plant & Machinery |
| 5 | കെ.കെ.ടി.എം.ഹയർ സെക്കന്ററി സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ,308/25 ഡിസ്ട്രിക്റ്റ് എഞ്ചിനീയർ, അനർട്ട് | J-M080300-24000896/ 26.09.24 | 28,87,500 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 4104001-Plant & Machinery |
| 6 | താലൂക്ക് ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ,235/25 ഡിസ്ട്രിക്റ്റ് എഞ്ചിനീയർ, അനർട്ട് | J-M080300-24001124/ 28.09.24 | 49,88,500 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 2521302 Energy Conservation -Non-Conventional Energy |

(ഓഡിറ്റ് എൻക്വയറി നം.21/ 12.03.2026)

1-1-2 വികസന ഫണ്ട് KSWMP ചെലവ് Capital Contribution ലേക്ക് മാറ്റിയിട്ടില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് സ്ഥിരാസ്തികൾ നിർമ്മിക്കുമ്പോഴോ ആർജ്ജിക്കുമ്പോഴോ ആ ആസ്തിക്ക് തുല്യമായ മൂല്യം ബാധ്യതയിൽ നിന്നും കുറയേണ്ടതും അത്രയും തുക കാപ്പിറ്റൽ വരവായി കണക്കാക്കേണ്ടതും ആ തുക പ്രത്യേക ഫണ്ടിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതുമാണ്. എന്നാൽ 2024-25 വർഷത്തിൽ KSWMP ഗ്രാന്റ് മുഖേന നടപ്പിലാക്കിയ പ്രൊജക്ടുകൾ പ്രകാരം ആസ്തി ആർജ്ജിച്ചിട്ടുണ്ടെങ്കിലും തത്തുല്യമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ട് | പ്രൊജക്ട് | തുക | ചെലവ് തുക ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| - KSWMP | 331 2022 23 | 4,87,620 | 2522301 |

| | | | |
|---|---|---|---|
| Grant - Central Share | KSWMP UPGRADATION OF RRF | | J-M080300-24000795 09-12-2024 |
| Development Fund-KSWMP Grant- State Share | 331 2022 23 KSWMP UPGRADATION OF RRF | 2,08,980 | 2522301 J-M080300-24000910 09-12-2024 |

### 1-1-3 സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ പത്രിക പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് | | വ്യത്യാസം |
|---|---|---|---|---|
| | | ശീർഷകം | തുക | |
| വികസന ഫണ്ട്-ജനറൽ | 5,68,33,475 | 601001 Development Fund - General | 5,36,97,907 | 14,068 |
| | | 3121001 Capital Contribution | 31,49,636 | |
| | | Total | 5,68,47,543 | |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 32365810 | 1601021 Maintenance Fund - Road Assets | 1,98,10,046 | 13,22,174 |
| | | 3121001 Capital Contribution | 1,38,77,938 | |
| | | Total | 3,36,87,984 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21734120 | 1602005 Central Finance Commission Grant - Untied | 86,97,862 | 3,16,396 |
| | | 1602006 Central Finance Commission Grant - Tied | 1,24,13,903 | |
| | | 3121001 Capital Contribution Untied | 3,05,959 | |
| | | Total | 2,14,17,724 | |

### 1-1-4 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി , ലൈസൻസ് ഫീസ്, വാടക, വരവ് എന്നീയിനങ്ങളിൽ കുടിശ്ശിക തുക ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ശീർഷകം | വിവരണം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ |
|---|---|---|

| | | |
|---|---|---|
| | | ബി-14 പ്രകാരമുള്ള ബാലൻസ് |
| 4311002 | Receivables For Property Taxes (Arrears) | 78,93,718 |
| 4311902 | Receivables For Profession Tax-Institutions/ Traders (Arrears) | 4,52,793 |
| 4313002 | Receivable For User Charges (Arrears) | 6,818 |
| 4313004 | Receivable For Licence Fees (Arrears) | 3,615 |
| 4314002 | Rent Receivable From Buildings (Arrears) | 2,18,866 |
| 4314004 | Rent Receivable From Lease On Land (Arrears) | 1,02,173 |
| 4314016 | Rent Receivables From Local Body Properties (Arrear) | 8,58,933 |

### 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല, നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58(2)(ഇ),(എഫ്)).

### 1-1-6 വരവ് തുകകൾ തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു

ലെഡ്ജർ പരിശോധിച്ചതിൽ 1401201 - Fees For Construction Of Buildings എന്ന ശീർഷകത്തിലേക്ക് ബുക്ക് ചെയ്യേണ്ടിയിരുന്ന പെർമിറ്റ് ഫീസ് ഇനത്തിൽ വന്നിട്ടുള്ള തുകകൾ പലതും 1401203 - Permit Application Fee എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. അക്കൗണ്ട്സ് പ്രകാരം ഈ രണ്ടു ശീർഷകത്തിൽ വരവ് വന്നിട്ടുള്ള തുകകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1401201 - Fees For Construction Of Buildings | 29,69,975 |
| 1401203 - Permit Application Fee | 27,98,270 |

### 1-1-7 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

എ) അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

2024-25 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ നഗരസഭയിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 1100101- Property Tax(General) | JJ-M080300-25000360/01.04.2024 | 5,84,96,490 |
| 1101002- Profession Tax- Traders/ Institutions | J-M080300-25000362/01.04.2024 | 46,73,660 |
| 1302003 – Rent From Buildings | J-M080300-25000366/01.04.2024 | 74,72,744 |
| 1304001- Rent From Lease Of Lands | J-M080300-25000551/01.04.2024 | 12,000 |
| 1401101- License Fees For IFTEOS | J-M080300-25000359/01.04.2024 | 17,19,250 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

ബി) ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-8 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ

കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ ,തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ല. ഇതിനാൽ റിക്കൺസിലിയേഷന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. അക്കൌണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് നം. | ബാങ്ക് ബുക്ക് ബാലൻസ് | (+) പണമാക്കാത്ത ചെക്കുകൾ | (-) കളക്ഷൻ വരാത്ത ചെക്കുകൾ | പാസ്സ് ബുക്ക് ബാലൻസ് |
|---|---|---|---|---|
| HDFC CFC Grant699090 A/C No. 50100407699090 | 81,66,413 | 91,51,913 | 0 | 1,73,18,326 |

| | | | | |
|---|---|---|---|---|
| Federal Bank Ownfund 287176 A/C No. 13880100287176 | 3,01,79,174 | 5,82,309 | 1,29,403+ 22,189(old) = 1,51,592 | 3,06,09,891 |
| HDFC Own Fund POS 34881 A/C No. 50100290734881 | 1,10,77,505 | 1,22,488 | 4,52,831+ 27,025(old)= 4,79,856 | 1,07,20,137 |
| HDFC PMAY33269 A/C No. 50100266833269 | 22,44,515 | 12,80,000 | 0 | 35,24,515 |

## 1-1-9 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

എ.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മോഡ്യൂളിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന വസ്തുനികുതി മോഡ്യൂളിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മോഡ്യൂളിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| വസ്തു നികുതി (Current ) | വാർഷികകണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 5,84,96,490 | 5,84,96,775 | 285 |
| കളക്ഷൻ | 4,17,13,222 | 4,94,91,325 | 77,78,103 |
| ബാലൻസ് | 1,76,11,375*100/105=16772738 | 86,72,406 | 81,00,332 |
| മുൻകൂർ ക്രമീകരിച്ചത് | 13,83,005 | 10,99,445.75 | 2,83,559.25 |

| വസ്തു നികുതി | വാർഷികകണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| (Arrear ) | | | |
| ഡിമാന്റ് | 1,88,21,489.5 | 2,78,73,174.50 | 90,51,685 |
| കളക്ഷൻ | 1,13,91,223 | 1,91,37,844.00 | 77,46,621 |
| ബാലൻസ് | 7893718*100/105= 75,17,826.6 | 1,00,93,635.50 | 25,75,808.8 |

ബി. വാർഷിക കണക്കിലെ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന രജിസ്റ്റർ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-8 "Other Liabilities" 3504101 Advance Collection Of Revenues എന്ന ശീർഷകത്തിൽ 31.03.2025 തീയതിയിൽ 24,08,467 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കണക്കുകൾ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-1-10 ആസ്തി രജിസ്റ്റർ - ഹാജരാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ - ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-11 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ R-13, B-7, എന്നീ ഹെഡ്ഡുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
2. അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. ആയതിനാൽ R-18, B-18 P-18, എന്നീ ഷെഡ്യൂളുകളിലെ നീക്കിയിരിപ്പിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-13 പ്രകാരം ആയി 11,22,767 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. ആയതിൽ ഇനങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും മൂല്യം ചേർത്ത് സംക്ഷിപ്തം , സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്ലോസിംഗ് സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 54(5).
4. വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-12 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/25 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/25ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ബാധ്യത ശീർഷകങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഫണ്ടുകളുടെ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | വിവരണം | ബാലൻസ് ഷീറ്റ് പ്രകാരം 31.03.2025 ലെ നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3202023 | Library Grant | 59,050 |
| 2 | 3201020 | Integrated Child Development Service | 70,65,109 |
| 3 | 3208010 | Beneficiary Contribution | 54,89,587 |

## 1-2 ബജറ്റ്

| | | | |
|---|---|---|---|
| | പാസ്സാക്കിയ തിയതി | 09/02/2024 | |
| | കമ്മിറ്റി തീരുമാനം | 1/1 | |
| | പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | | 1,25,86,36,940 | 1,20,89,04,480 |
| | റിവൈസ്ഡ് ബജറ്റ് | | |

| | | | |
|---|---|---|---|
| പാസാക്കിയ തിയ്യതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ് | 27.03.2025 | | |
| കമ്മിറ്റി തീരുമാനം | 1/1 | | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് | |
| | 93,86,63,324 | 88,33,20,589 | |

## 1-3 ഫണ്ട് വിനിയോഗം

വാർഷിക കണക്കുകൾ പ്രകാരമുള്ള വിവിധ ഗ്രാന്റിനങ്ങളുടെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 5,74,31,000 | 5,74,31,000 | 5,68,47,543 | 5,83,457** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2,07,19,000 | 2,07,19,000 | 1,70,68,271 | 36,50,729** |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 4,25,95,000 | 4,25,95,000 | 3,36,87,984 | 89,07,016** |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 5,76,31,000 | 5,76,31,000 | 3,86,89,772 | 1,89,41,228** |

2023-24 വർഷത്തിൽ 90% നികുതി പിരിവ് സാധ്യമാക്കാത്തതിനാൽ സ.ഉ.(കൈ)നം.179/2022/ധന തീയതി 18-10-2022 ഉത്തരവനുസരിച്ച് പൊതുവിഭാഗം വികസന ഫണ്ട് അലോട്ട്മെന്റായ 5,74,31,000 രൂപയുടെ 1% (574310 രൂപ) കുറവ് ചെയ്ത തുകയാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) , സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളുടെ 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല. അപാകത ഖണ്ഡിക 1-1-3 ൽ പരാമർശിച്ചിട്ടുണ്ട്.

3. CFC Tied, Untied ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനാലും മുൻബാക്കി ഉൾപ്പെടെയുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും ആയതിന്റെ വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിതുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 467 | 36,81,38,051 | 263 | 18,16,63,135 | 46.1 | 56.31 |

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,70,940 | 75,06,900 | 78,77,840 | 6,65,014 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 35,00,000<br>33,73,120 | Own Fund |
| മെറ്റീരിയൽ കോസ്റ്റ് | | | | 1,28,068 | |
| ആകെ | 370940 | 75,06,900 | 78,77,840 | 76,66,202 | 2,11,638 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3563200 | - |
| വിധവാപെൻഷൻ | 39343100 | 2658 |
| വാർദ്ധക്യകാലപെൻഷൻ | 98454200 | 7532 |
| വികലാംഗപെൻഷൻ | 11558400 | 763 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ | 2753200 | 187 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,80,000 | 6 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2026 തീയതിയിൽ 3.30 PM ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 3,03,587 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഭാഗം 1 ൽ പരാമർശിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള സന്ദർഭോചിതമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-9 ഡെയിലി കളക്ഷൻ തുക അടവാക്കിയതിൽ കുറവ്

നഗരസഭയിലെ പണമടവ് പരിശോധിച്ചതിൽ ഡെയ്‌ലി കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിൽ കുറവ് ഉള്ളതായി കണ്ടു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡേ ബുക്ക് പ്രകാരം കളക്ഷൻ വിവരങ്ങൾ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ബാങ്കിൽ അടവാക്കിയ വിവരങ്ങൾ |
|---|---|---|
| തീയതി | 08.12.2025 | 09.12.2025 |
| തുക | 75435 | 74435 |

മേൽ സൂചിപ്പിച്ച പ്രകാരം 1000 രൂപ കുറവായാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. ഇത് സംബന്ധിച് ഓഡിറ്റ് അന്വേഷണം നം . 17/10.03.2026 നൽകി. തുടർന്ന് 12.03.2026 ൽ 1000 രൂപ 13880100287176 എന്ന അക്കൗണ്ടിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കി.

## 1-10 Own Fund അക്കൗണ്ടിൽ നിന്നും ബാങ്ക് TDS ഇനത്തിൽ തുക ഈടാക്കുന്നു

നഗരസഭയുടെ Own Fund തുക അടവാക്കുന്നത് ഫെഡറൽ ബാങ്ക് കൊടുങ്ങല്ലൂർ ബ്രാഞ്ചിൽ ആണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2025 നവംബർ മുതൽ നാളിതു വരെ TDS On Cash Transaction എന്ന ഇനത്തിൽ ബാങ്ക് സ്വയം തുക പിൻവലിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | വിവരം | ട്രാൻസാക്ഷൻ ഐ ഡി | ബാങ്ക് സ്വയം പിൻവലിച്ച തുകകൾ |
|---|---|---|---|---|
| 1 | 04-03-2026 | TDS ON CASH TRAN - 13880100287176 - 04-03-2026 | FB118730 | 80.00 |
| 2 | 04/03/2026 | TDS ON CASH TRAN - 13880100287176 - 04-03-2026 | FB68011 | 80.00 |
| 3 | 04-03-2026 | TDS ON CASH TRAN - 13880100287176 - 04-03-2026 | FB67462 | 80.00 |
| 4 | 04-03-2026 | TDS ON CASH TRAN - 13880100287176 - 04-03-2026 | FB88124 | 190.00 |
| 5 | 04-03-2026 | TDS ON CASH TRAN - | FB112997 | 80.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 04-03-2026 | | |
| 6 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB89808 | 80.00 |
| 7 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB86299 | 80.00 |
| 8 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB95065 | 827.00 |
| 9 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB94423 | 842.00 |
| 10 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB102938 | 80.00 |
| 11 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB131945 | 80.00 |
| 12 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB51768 | 1727.00 |
| 13 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB59874 | 80.00 |
| 14 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB70188 | 26.00 |
| 15 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB45048 | 80.00 |
| 16 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB45374 | 80.00 |
| 17 | 03-03-2026 | TDS ON CASH TRAN - 13880100287176 - 03-03-2026 | FB46068 | 80.00 |
| 18 | 03/03/2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB142705 | 123.00 |
| 19 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB141761 | 80.00 |
| 20 | 02-03-2026 | TDS ON CASH TRAN - | FB119120 | 90.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 02-03-2026 | | |
| 21 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB150312 | 80.00 |
| 22 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB159311 | 80.00 |
| 23 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB130246 | 80.00 |
| 24 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB212451 | 80.00 |
| 25 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB85701 | 80.00 |
| 26 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB138755 | 80.00 |
| 27 | 02-03-2026 | TDS ON CASH TRAN - 13880100287176 - 02-03-2026 | FB126024 | 80.00 |
| 28 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB133295 | 80.00 |
| 29 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB130187 | 6214.00 |
| 30 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB116445 | 80.00 |
| 31 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB116302 | 80.00 |
| 32 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB132198 | 80.00 |
| 33 | 27/02/2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB94909 | 80.00 |
| 34 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB83130 | 80.00 |
| 35 | 27-02-2026 | TDS ON CASH TRAN - | FB100102 | 80.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 27-02-2026 | | |
| 36 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB100776 | 80.00 |
| 37 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB109381 | 80.00 |
| 38 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB109771 | 80.00 |
| 39 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB72351 | 80.00 |
| 40 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB68601 | 80.00 |
| 41 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB81453 | 80.00 |
| 42 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB82202 | 80.00 |
| 43 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB82826 | 80.00 |
| 44 | 27-02-2026 | TDS ON CASH TRAN - 13880100287176 - 27-02-2026 | FB69491 | 88.00 |
| 45 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB141515 | 80.00 |
| 46 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB141624 | 80.00 |
| 47 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB51949 | 97.00 |
| 48 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB53741 | 80.00 |
| 49 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB52407 | 95.00 |
| 50 | 26-02-2026 | TDS ON CASH TRAN - | FB71984 | 80.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 26-02-2026 | | |
| 51 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB76027 | 80.00 |
| 52 | 26-02-2026 | TDS ON CASH TRAN - 13880100287176 - 26-02-2026 | FB63716 | 80.00 |
| 53 | 25-02-2026 | TDS ON CASH TRAN - 13880100287176 - 25-02-2026 | FB36170 | 80.00 |
| 54 | 25-02-2026 | TDS ON CASH TRAN - 13880100287176 - 25-02-2026 | FB90220 | 913.00 |
| 55 | 24-02-2026 | TDS ON CASH TRAN - 13880100287176 - 24-02-2026 | FB34847 | 122.00 |
| 56 | 21-02-2026 | TDS ON CASH TRAN - 13880100287176 - 21-02-2026 | FB60376 | 80.00 |
| 57 | 21-02-2026 | TDS ON CASH TRAN - 13880100287176 - 21-02-2026 | FB33150 | 150.00 |
| 58 | 21-02-2026 | TDS ON CASH TRAN - 13880100287176 - 21-02-2026 | FB32854 | 150.00 |
| 59 | 21-02-2026 | TDS ON CASH TRAN - 13880100287176 - 21-02-2026 | FB32058 | 150.00 |
| 60 | 21-02-2026 | TDS ON CASH TRAN - 13880100287176 - 21-02-2026 | FB107682 | 73.00 |
| 61 | 20-02-2026 | TDS ON CASH TRAN - 13880100287176 - 20-02-2026 | FB66695 | 13.00 |
| 62 | 18-02-2026 | TDS ON CASH TRAN - 13880100287176 - 18-02-2026 | FB37363 | 290.00 |
| 63 | 13-02-2026 | TDS ON CASH TRAN - 13880100287176 - 13-02-2026 | FB139423 | 212.00 |
| 64 | 16-02-2026 | TDS ON CASH TRAN - 13880100287176 - 16-02-2026 | FB116240 | 600.00 |
| 65 | 13-02-2026 | TDS ON CASH TRAN - | FB32471 | 224.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 13-02-2026 | | |
| 66 | 13-02-2026 | TDS ON CASH TRAN - 13880100287176 - 13-02-2026 | FB101157 | 660.00 |
| 67 | 13-02-2026 | TDS ON CASH TRAN - 13880100287176 - 13-02-2026 | FB85997 | 57.00 |
| 68 | 10-02-2026 | TDS ON CASH TRAN - 13880100287176 - 10-02-2026 | FB95942 | 2450.00 |
| 69 | 10-02-2026 | TDS ON CASH TRAN - 13880100287176 - 10-02-2026 | FB52972 | 147.00 |
| 70 | 10-02-2026 | TDS ON CASH TRAN - 13880100287176 - 10-02-2026 | FB110596 | 22.00 |
| 71 | 10-02-2026 | TDS ON CASH TRAN - 13880100287176 - 10-02-2026 | FB139637 | 224.00 |
| 72 | 09-02-2026 | TDS ON CASH TRAN - 13880100287176 - 09-02-2026 | FB140531 | 167.00 |
| 73 | 10-02-2026 | TDS ON CASH TRAN - 13880100287176 - 10-02-2026 | FB63245 | 60.00 |
| 74 | 04-02-2026 | TDS ON CASH TRAN - 13880100287176 - 04-02-2026 | FB131405 | 30.00 |
| 75 | 03-02-2026 | TDS ON CASH TRAN - 13880100287176 - 03-02-2026 | FB139311 | 84.00 |
| 76 | 30-01-2026 | TDS ON CASH TRAN - 13880100287176 - 30-01-2026 | FB80030 | 555.00 |
| 77 | 31-01-2026 | TDS ON CASH TRAN - 13880100287176 - 31-01-2026 | FB74882 | 32.00 |
| 78 | 29-01-2026 | TDS ON CASH TRAN - 13880100287176 - 29-01-2026 | FB90818 | 1319.00 |
| 79 | 29-01-2026 | TDS ON CASH TRAN - 13880100287176 - 29-01-2026 | FB90300 | 84.00 |
| 80 | 30-01-2026 | TDS ON CASH TRAN - | FB38734 | 165.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 30-01-2026 | | |
| 81 | 30-01-2026 | TDS ON CASH TRAN - 13880100287176 - 30-01-2026 | FB62903 | 2000.00 |
| 82 | 28-01-2026 | TDS ON CASH TRAN - 13880100287176 - 28-01-2026 | FB180475 | 200.00 |
| 83 | 23-01-2026 | TDS ON CASH TRAN - 13880100287176 - 23-01-2026 | FB27680 | 915.00 |
| 84 | 23-01-2026 | TDS ON CASH TRAN - 13880100287176 - 23-01-2026 | FB96618 | 96.00 |
| 85 | 23-01-2026 | TDS ON CASH TRAN - 13880100287176 - 23-01-2026 | FB130210 | 925.00 |
| 86 | 22-01-2026 | TDS ON CASH TRAN - 13880100287176 - 22-01-2026 | FB103999 | 39.00 |
| 87 | 20-01-2026 | TDS ON CASH TRAN - 13880100287176 - 20-01-2026 | FB96769 | 1500.00 |
| 88 | 19-01-2026 | TDS ON CASH TRAN - 13880100287176 - 19-01-2026 | FB98257 | 23.00 |
| 89 | 14-01-2026 | TDS ON CASH TRAN - 13880100287176 - 14-01-2026 | FB118783 | 200.00 |
| 90 | 15-01-2026 | TDS ON CASH TRAN - 13880100287176 - 15-01-2026 | FB85642 | 4300.00 |
| 91 | 13-01-2026 | TDS ON CASH TRAN - 13880100287176 - 13-01-2026 | FB122470 | 24.00 |
| 92 | 14-01-2026 | TDS ON CASH TRAN - 13880100287176 - 14-01-2026 | FB82338 | 56.00 |
| 93 | 14-01-2026 | TDS ON CASH TRAN - 13880100287176 - 14-01-2026 | FB82533 | 89.00 |
| 94 | 09-01-2026 | TDS ON CASH TRAN - 13880100287176 - 09-01-2026 | FB63951 | 94.00 |
| 95 | 09-01-2026 | TDS ON CASH TRAN - | FB61144 | 275.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 09-01-2026 | | |
| 96 | 07-01-2026 | TDS ON CASH TRAN - 13880100287176 - 07-01-2026 | FB129795 | 192.00 |
| 97 | 08-01-2026 | TDS ON CASH TRAN - 13880100287176 - 08-01-2026 | FB80770 | 261.00 |
| 98 | 31-12-2025 | TDS ON CASH TRAN - 13880100287176 - 31-12-2025 | FB126229 | 10.00 |
| 99 | 03-01-2026 | TDS ON CASH TRAN - 13880100287176 - 03-01-2026 | FB91955 | 2272.00 |
| 100 | 30-12-2025 | TDS ON CASH TRAN - 13880100287176 - 30-12-2025 | FB47129 | 25.00 |
| 101 | 31-12-2025 | TDS ON CASH TRAN - 13880100287176 - 31-12-2025 | FB73518 | 456.00 |
| 102 | 31-12-2025 | TDS ON CASH TRAN - 13880100287176 - 31-12-2025 | FB74217 | 110.00 |
| 103 | 23-12-2025 | TDS ON CASH TRAN - 13880100287176 - 23-12-2025 | FB123488 | 2005.00 |
| 104 | 29-12-2025 | TDS ON CASH TRAN - 13880100287176 - 29-12-2025 | FB110034 | 62.00 |
| 105 | 20-12-2025 | TDS ON CASH TRAN - 13880100287176 - 20-12-2025 | FB105848 | 100.00 |
| 106 | 22-12-2025 | TDS ON CASH TRAN - 13880100287176 - 22-12-2025 | FB82417 | 88.00 |
| 107 | 22-12-2025 | TDS ON CASH TRAN - 13880100287176 - 22-12-2025 | FB113146 | 156.00 |
| 108 | 23-12-2025 | TDS ON CASH TRAN - 13880100287176 - 23-12-2025 | FB116347 | 334.00 |
| 109 | 19-12-2025 | TDS ON CASH TRAN - 13880100287176 - 19-12-2025 | FB52123 | 85.00 |
| 110 | 20-12-2025 | TDS ON CASH TRAN - | FB27747 | 222.00 |

| | | | | |
|---|---|---|---|---|
| | | 13880100287176 - 20-12-2025 | | |
| 111 | 20-12-2025 | TDS ON CASH TRAN - 13880100287176 - 20-12-2025 | FB35060 | 500.00 |
| 112 | 16-12-2025 | TDS ON CASH TRAN - 13880100287176 - 16-12-2025 | FB119494 | 3138.00 |
| 113 | 17-12-2025 | TDS ON CASH TRAN - 13880100287176 - 17-12-2025 | FB104540 | 700.00 |
| 114 | 09-12-2025 | TDS ON CASH TRAN - 13880100287176 - 09-12-2025 | FB97079 | 6000.00 |
| 115 | 05-12-2025 | TDS ON CASH TRAN - 13880100287176 - 05-12-2025 | FB106779 | 28.00 |
| 116 | 05-12-2025 | TDS ON CASH TRAN - 13880100287176 - 05-12-2025 | FB122781 | 42.00 |
| 117 | 27-11-2025 | TDS ON CASH TRAN - 13880100287176 - 27-11-2025 | FB114169 | 112.00 |
| 118 | 25-11-2025 | TDS ON CASH TRAN - 13880100287176 - 25-11-2025 | FB129600 | 144.00 |
| 119 | 21-11-2025 | TDS ON CASH TRAN - 13880100287176 - 21-11-2025 | FB132511 | 14.00 |
| 120 | 24-11-2025 | TDS ON CASH TRAN - 13880100287176 - 24-11-2025 | FB72288 | 204.00 |
| 121 | 25-11-2025 | TDS ON CASH TRAN - 13880100287176 - 25-11-2025 | FB55845 | 3000.00 |
| 122 | 18-11-2025 | TDS ON CASH TRAN - 13880100287176 - 18-11-2025 | FB93219 | 155.00 |
| | | ആകെ | | 53863.00 |

(Enquiry No.: 18/10.03.2026) ഇത്തരത്തിൽ ബാങ്കിൽ നിന്നും തുക ഈടാക്കുന്നതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

1-11 മൊബൈൽ ടവറുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

30.10.2020 ലെ സ.ഉ.(പി)നമ്പർ62/2020/തസ്വഭവ, പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2020- ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ പട്ടിക രണ്ട്, ക്രമ നം.300 പ്രകാരം നഗരസഭ പരിധിയിൽ

പ്രവർത്തിക്കുന്നതിന് മൊബൈൽ ടവറുകൾക്ക് ലൈസൻസ് ആവശ്യമാണ്. മുനിസിപ്പാലിറ്റിയുടെ വസ്തു നികുതി സോഫ്റ്റ്‌വെയറായ സഞ്ചയ, കെ- സ്മാർട്ട് എന്നിവ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | മൊബൈൽ ടവറിന്റെ / കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | 3/409 A | ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് |
| 2 | 4/462 | ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് |
| 3 | 4/1315 | റിലയൻസ് ഇൻഫോകോം |
| 4 | 5/375 | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് |
| 5 | 9/252 A | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് |
| 6 | 10/457 | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് |
| 7 | 13/30 A | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് |
| 8 | 15/419 | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് |
| 9 | 17/536 | കോവിൽപറമ്പിൽ രാജൻ (രാമന്തു ) മകൻ രാജു |
| 10 | 17/613 | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് |
| 11 | 18/501 A | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 12 | 18/504 A | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 13 | 41/529 | ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് |

എന്നാൽ 2024-25 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ടവറുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. മേൽ ടവറുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 34/13.03.2026)

## 1-12 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. മേൽ ചട്ട പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷയിലെ വിശദാംശങ്ങളും സ്ഥാപനം തുടങ്ങാൻ പോകുന്ന സ്ഥലത്തിന്റെ അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷം, രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്.
ലൈസൻസ് രജിസ്റ്റർ 2024-25 പരിശോധിച്ചതിൽ, 130 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2024-25 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ, 1401001- Private Hospital & Paramedical Institution Registration Fee - ലെഡ്ജർ പരിശോധിച്ചതിൽ ആകെ 42 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീ ഈടാക്കി രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 27/183 A | ഡോ. ടീത്ത് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, ടി കെ എസ് പുരം, 680664 |
| 2 | 28/9 A | ഇൻസൈറ്റ് മെഡിക്കൽ ലബോറട്ടറി, മേഥല |
| 3 | 21/466 A, 466B | നീതി മെഡിക്കൽ ലബോറട്ടറി, കൊടുങ്ങല്ലൂർ |
| 4 | 17/406 | മുസിരിസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ |
| 5 | 18/664 | ഡോ. അനില ആയുർവേദിക് ക്ലിനിക്, കൊടുങ്ങല്ലൂർ |
| 6 | 25/431 | രാജീവ് ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 7 | 17/409 | ഡോ. കെ. രവീന്ദ്രനാഥൻസ് ശക്തി ഡയഗ്നോസ്റ്റിക് സെന്റർ, കൊടുങ്ങല്ലൂർ |
| 8 | 40/686 | ധന്യ ഹോമിയോപതിക് ക്ലിനിക്, പടാകുളം |
| 9 | 22/435 | ലക്ഷ്മി ഹോമിയോ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 10 | 17/265 | സ്മിതം ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 11 | 4/1407,1408 | മെഡിവിഷൻ ലബോറട്ടറി, കൊടുങ്ങല്ലൂർ |
| 12 | 4/859/ 1B(1), 859/1C(1) | ദി ടൂത്ത് പ്രോജക്റ്റ്, കൊടുങ്ങല്ലൂർ |
| 13 | 17/240 | ഹോമിയോപതിക് ക്ലിനിക്, കൊടുങ്ങല്ലൂർ |
| 14 | 35/403A,403 F | ജീവനി ആയുർസിറ്റി, കൊടുങ്ങല്ലൂർ |
| 15 | 41/506 | സരോജിനി ക്ലിനിക്, കൊടുങ്ങല്ലൂർ |
| 16 | 3/418 A | അക്യൂമെഡ് ഡയഗ്നോസ്റ്റിക്സ് LLP, ചന്തപ്പുര |
| 17 | 16/264 A | ശ്രീ രാധ ഗോവിന്ദ ആയുർവേദ ചികിൽസാലയം, പുല്ലൂട്ട് |
| 18 | 5/1068 | ആർച്ചന ആയുർവേദ സെന്റർ, കൊടുങ്ങല്ലൂർ |
| 19 | 5/418,419 | ഡോ. സുനിൽസ് പോളി ഡെന്റൽ സ്പെഷ്യൽ കെയർ, ലോകമലേശ്വരം |
| 20 | 10/453(2) | ഹെൽത്ത് കെയർ ക്ലിനിക്കൽ ലബോറട്ടറി |
| 21 | 5/366,367 | ഇൻസൈറ്റ് ഹെൽത്ത് കെയർ, കൊടുങ്ങല്ലൂർ |
| 22 | 42 | പ്രിസൈസ് മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കൽ |

| | | |
|---|---|---|
| | | ലബോറട്ടറി & പോളി ക്ലിനിക്, പടാകുളം |
| 23 | 4/839,840 | ഹിയർ ലൈഫ് ഓഡിയോളജി & സ്പീച്ച് തെറാപ്പി സെന്റർ, കൊടുങ്ങല്ലൂർ |
| 24 | 41/825 B | സൺ ഡയബറ്റിക് ക്ലിനിക്, പടാകുളം |
| 25 | 4/511 | മോഡേൺ എക്സ്-റേ, ബസ് സ്റ്റാൻഡ് റോഡ്, കൊടുങ്ങല്ലൂർ |
| 26 | 4/468 | സംസ്കൃതി ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 27 | 40 | രത്ത പാത്തോളജിക്കൽ ലബോറട്ടറി, പടാകുളം |
| 28 | 2/529B, 529/C | 3ഡി ഐ ഡിജിറ്റൽ ഡെന്റോഫേഷ്യൽ ഡയഗ്നോസിസ് & ഇമേജിംഗ്, മോഡേൺ ഹോസ്പിറ്റൽ |
| 29 | 5/623 B,623 C | മഹാലക്ഷ്മി ഡെന്റൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ |
| 30 | 4/152 | സൈ്റ്റ്ക ലബോറട്ടറി, ചന്തപ്പുര, കൊടുങ്ങല്ലൂർ |
| 31 | 44/ 148 (2) ,148(3) | ഷേപ്പ് അപ്പ് ബ്യൂട്ടി ക്ലിനിക് ആൻഡ് ഫിറ്റ്നസ് സെന്റർ, എരിയാട് |
| 32 | 5/631,632 | കൊടുങ്ങല്ലൂർ ഹോമിയോപതിക് ക്ലിനിക് |
| 33 | 6 | കൃഷ്ണ ആയുർവേദ ചികിൽസാലയം, കാവിൽകടവ് |
| 34 | 3/402,403 | ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, ചന്തപ്പുര |
| 35 | 4/503 | നീതി മെഡിക്കൽ ലാബ്, കൊടുങ്ങല്ലൂർ |
| 36 | 41/571 B | ശ്രീ നാരായണ ഹോമിയോ ഹാൾ, കൊടുങ്ങല്ലൂർ |
| 37 | 9/340 | ആദിത്യ ആയുർവേദ പ്രകൃതി ചികിൽസ കേന്ദ്രം, പുല്ലൂട്ട് |
| 38 | 41/807 A | ഐശ്വര്യ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 39 | 4/224 D | ആസ്റ്റർലാബ്, കൊടുങ്ങല്ലൂർ, ചന്തപ്പുര |
| 40 | 35/36 | ഡോ. കെയർ അക്യുപങ്ചർ, കൊടുങ്ങല്ലൂർ |
| 41 | 41 | റെനി ഫിലിപ്പ്, കൊടുങ്ങല്ലൂർ |

| | | |
|---|---|---|
| 42 | 35/ 453,454 | ഡോ. അഗസ്റ്റിൻസ് ആര്യ വൈദ്യ ആശ്രമം ആയുർവേദ ഹോസ്പിറ്റൽ, കീഴ്ത്തളി |
| 43 | 2/513 | മോഡേൺ നോബിള് ഹാർട്ട് കെയർ, കൊടുങ്ങല്ലൂർ |
| 44 | 5/768 (1) | വിവിഡ് ഡയഗ്നോസ്റ്റിക് സെന്റർ, കൊടുങ്ങല്ലൂർ |
| 45 | 4/ 615 | നീതി ലാബ് & ഓപ്റ്റിക്കൽസ്, കൊടുങ്ങല്ലൂർ |
| 46 | 41 /758,759,762 | ടി 32 മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 47 | 2/ 507,509,511,512 | മോഡേൺ ഹോസ്പിറ്റൽ, |
| 48 | 42/293(1) | പ്രഭുസ് ഫിസിയോതെറാപ്പി ക്ലിനിക്, പടാകുളം |
| 49 | 3/417 | ക്രാഫ്റ്റ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, ചന്തപ്പുര |
| 50 | 4/ 190,191,192,,193,194,195,196,197 | എം.ഐ.ടി മിഷൻ ഹോസ്പിറ്റൽ, ചന്തപ്പുര |
| 51 | 4/1196 | ന്യൂറോ സെന്റർ, കൊടുങ്ങല്ലൂർ |
| 52 | 8/42 (I) | ഓപ്പൺ സ്മൈൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, പുല്ലൂട്ട് |
| 53 | 3/415/A,415/B,415/E,415/F,415/ G,415/H | എ.ആർ മെഡിക്കൽ സെന്റർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ചന്തപ്പുര |
| 54 | 4/571,572,573 | മോഡേൺ അൾട്രാസൗണ്ട് സ്കാൻ സെന്റർ, കൊടുങ്ങല്ലൂർ |
| 55 | 42/51 C | കീർത്തി ലാബ്, പടാകുളം, കൊടുങ്ങല്ലൂർ |
| 56 | 4/1126 | ഡെന്റൽ ഹെൽത്ത് സെന്റർ, കൊടുങ്ങല്ലൂർ |
| 57 | 38/19 | ജീവ ക്ലിനിക്കൽ ലബോറട്ടറി, മേത്തല |
| 58 | 4/1440 | മെട്രോപോളിസ് ഹെൽത്ത്കെയർ ലിമിറ്റഡ്, കൊടുങ്ങല്ലൂർ |
| 59 | 41/827 | ഡോ. ഗസൽസ് എസ്തറ്റിക് ആൻഡ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 60 | 13/ 538 (C) | ബോഡി & സോൾ ഹെൽത്ത് ക്ലബ്, പുല്ലൂട്ട് |
| 61 | 5/ 1076(D),1076(F) | സാന്ത്വന ഐ & ഡയബറ്റിക് ക്ലിനിക്, കൊടുങ്ങല്ലൂർ |

| | | |
|---|---|---|
| 62 | 5/268,269,270 | ഡെന്റൽ ഹെൽത്ത് സ്പെഷ്യാലിറ്റി സെന്റർ, കൊടുങ്ങല്ലൂർ |
| 63 | 4/568 | അമൃത ഹോമിയോ ക്ലിനിക്, ലോകമലേശ്വരം |
| 64 | 5/ 691 (A), 691(B), 691(C) | ഡിഡിഐെസി സ്കാൻ & ഡയഗ്നോസ്റ്റിക്സ്, കൊടുങ്ങല്ലൂർ, ചന്തപ്പുര |
| 65 | 35/292 | കൊടുങ്ങല്ലൂർ മെഡികെയർ പ്രൈവറ്റ് ലിമിറ്റഡ് |
| 66 | 41/547 | അൽഫ മെഡിക്കൽ കോംപ്ലെക്സ്, കൊടുങ്ങല്ലൂർ |
| 67 | 3/415 (G1) | എ.ആർ മെട്രോ കാർഡിയാക് സെന്റർ, ചന്തപ്പുര |
| 68 | 31/ 8 (A9) | ദയ ക്ലിനിക്കൽ ലബോറട്ടറി, കൊടുങ്ങല്ലൂർ |
| 69 | 4/188(B) | ഡിഡിഐെസി സ്കാൻ & ഡയഗ്നോസ്റ്റിക്സ്, ലോകമലേശ്വരം |
| 70 | 17/688(G) | മിത്ര എക്സ്-റേ സെന്റർ, കൊടുങ്ങല്ലൂർ |
| 71 | 42/ 295 J | മെഡിഹൈവ് യൂനാനി ക്ലിനിക്, പടാകുളം |
| 72 | 17/688 (E) | മിത്ര ലാബ്, കൊടുങ്ങല്ലൂർ |
| 73 | 31/278 (A2) | കെയർ & ക്യൂർ ഹോമിയോപ്പതിക് ക്ലിനിക്, മേത്തല |
| 74 | 8/147 | ആയുഷ്മാൻ വെൽനെസ് & ഫിറ്റ്നസ് സെന്റർ, കോഴിക്കട |
| 75 | 25/431 | രാജീവ് ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ, ചാലക്കുളം |
| 76 | 40/686 | ധന്യ ഹോമിയോപതിക് ക്ലിനിക്, പടാകുളം |
| 77 | 22/435 | ലക്ഷ്മി ഹോമിയോ ക്ലിനിക്, കൊടുങ്ങല്ലൂർ |
| 78 | 17/409 | ഡോ. കെ. രവീന്ദ്രനാഥൻസ് ശക്തി ഡയഗ്നോസ്റ്റിക് സെന്റർ |
| 79 | 17/406 | മുസിരിസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ |
| 80 | 18/664 | ഡോ. അനില ആയുർവേദിക് ക്ലിനിക്, കൊടുങ്ങല്ലൂർ |
| 81 | 28/9 (A) | ഇൻസൈറ്റ് മെഡിക്കൽ ലബോറട്ടറി, മേത്തല |
| 82 | 39/ 375(C4) | മെഡികെയർ ലബോറട്ടറി, കൊടുങ്ങല്ലൂർ |
| 83 | 27/183(A) | ഡോ. ടീത്ത് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |

| | | |
|---|---|---|
| 84 | 21/ 466(a) ,466(B) | നീതി മെഡിക്കൽ ലബോറട്ടറി, കൊടുങ്ങല്ലൂർ |
| 85 | 17/265 | സ്മിതം ഡെന്റൽ ക്ലിനിക്, കൊടുങ്ങല്ലൂർ |

മേൽ സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങളും അനുവദിച്ചിട്ടുള്ള പാരാമെഡിക്കൽ രജിസ്ട്രേഷനും ലഭ്യമാക്കാൻ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം.24/11.03.2026)

## 1-13 വാടക കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിലെ അക്കൗണ്ട് ഹെഡ് 4314001 പ്രകാരം തൻവർഷം 6,54,449 രൂപയുടെ വാടക കുടിശ്ശികയും അക്കൗണ്ട് ഹെഡ് 4314002 പ്രകാരം മുൻവർഷം 2,18,866 രൂപയുടെ വാടക കുടിശ്ശികയും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാടക കുടിശ്ശികയാക്കിയവരുടെ വിവരങ്ങളും ആയത് ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.25/11.03.2026) ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതു വരെയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാടക കുടിശ്ശിക – തൻവർഷം

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | വാർഡ് നം | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|---|---|
| 1 | എസ് പി എസ് സി | | എം എൻ സജേഷ് | 5922 |
| 2 | എൻ ബി ജി എഫ് | 17 | ഹനീഷ് കുമാർ | 17050 |
| 3 | | 17 | രാഖി ബാബു | 18375 |
| 4 | | 17 | പി കെ വിധു | 7098 |
| 5 | | 17 | ഷാജി കെ ജെ | 3100 |
| 6 | | 17 | എം എസ് സാജു | 14192 |
| 7 | | 17 | എം എസ് സാജു | 17,740 |
| 8 | | 17 | സിജിൽ കുമാർ | 3202 |
| 9 | മീറ്റ് സ്റ്റാൾ | 17 | എം എ സെയ്തു | 39696 |
| 10 | | 17 | എം എ സെയ്തു | 11128 |
| 11 | സോണൽ ഓഫീസ് | 24 | ബിജോയ് | 8118 |
| 12 | | 24 | പ്രദീഷ് | 2898 |
| 13 | | 24 | ആസിം എം എം | 2120 |
| 14 | | 24 | അനിൽ കുമാർ | 1696 |
| 15 | | 24 | മുനീർ | 2120 |
| 16 | | 24 | അബ്ദുൾ കരീം | 6000 |
| 17 | | 24 | ഏകലവ്യൻ | 7536 |
| 18 | | 24 | ബാബു ജോർജ് | 4000 |
| 19 | | 24 | വിഷ്ണു എം എം | 34,001 |
| 20 | | 41 | മുഹമ്മദ് ഇബ്രാഹിം | 2503 |
| 21 | | 41 | ലജിത പി | 4400 |
| 22 | | 41 | ടി വി മുരളി | 53,568 |
| 23 | | 41 | രഘുവരൻ | 4026 |

| | |
|---|---|
| ആകെ | 2,70,489 |

വാടക കുടിശ്ശിക – മുൻവർഷം

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | വാർഡ് നം | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|---|---|
| 1 | എൻ ബി ജി എഫ് | 17 | അൻവർ എ കെ | 5566 |
| 2 | എസ് ബി ജി എഫ് | 17 | കണ്ണൻ | 28000 |
| 3 | മീറ്റ് സ്റ്റാൾ | 17 | എം എ സെയ്തു | 13232 |
| 4 | | 17 | എം എ സെയ്തു | 12519 |
| 5 | ദളവാക്കുളം | 17 | ബാലചന്ദ്രൻ | 12000 |
| 6 | സോണൽ ഓഫീസ് | 24 | ഉമൈബ | 2290 |
| 7 | | | ബിജോയ് | 10308 |
| 8 | | | ജാഫർ | 1696 |
| 9 | | | മുനീർ | 1392 |
| 10 | | | കൊച്ചു റാണി | 13500 |
| 11 | | | സജീവ് | 13500 |
| 12 | | | വിശ്രമ കേന്ദ്രം | 3000 |
| 13 | | 41 | ഉണ്ണികണ്ണൻ | 3336 |
| 14 | | | പ്രദീപ് | 8000 |
| | | | ആകെ | 1,14,839 |

വാടക രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്, ആയത് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. മേൽ വാടക കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതും ഡി സി ബി വിവരങ്ങൾ കൃത്യമാക്കേണ്ടതുമാണ്

## 1-14 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. മേൽ ചട്ട പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി 300രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷയിലെ വിശദാംശങ്ങളും സ്ഥാപനം തുടങ്ങാൻ പോകുന്ന സ്ഥലത്തിന്റെ അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷം, രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി 100 രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം അപേക്ഷ നൽകി പുതുക്കേണ്ടതുമാണ്.

മുനിസിപ്പാലിറ്റി പരിധിയിൽ 2024-25 ൽ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 17 /190,191,192,193,194 | ഇൻസ്പയർ ലേണേഴ്സ് ഹബ്, കൊടുങ്ങല്ലൂർ |
| 2 | 17 /289 | പ്രഭുസ് കോളേജ്, കൊടുങ്ങല്ലൂർ |
| 3 | 4/859(6) | മെർക്കുറി നീറ്റ് ക്യാമ്പസ്, ലോകമലേശ്വരം |
| 4 | 17 /745 | ബോധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പ്റൈറ്റിംഗ്, കൊടുങ്ങല്ലൂർ |
| 5 | 3 /562 | ഫേസ്‌ലിഫ്റ്റ് |
| 6 | 5 /633,634 | അക്ബർ അക്കാദമി ഓഫ് എയർലൈൻ സ്റ്റഡീസ്, ചന്തപ്പുര |
| 7 | 5 /208/B,208/C,208/D,208/E,208/F | വിസ്ഡം അക്കാദമി, കൊടുങ്ങല്ലൂർ |
| 8 | 35/473(A35) | സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി, ചേറമാൻ മസ്ജിദ് റോഡ് |
| 9 | 5 | കരിയർ ഹബ് എജ്യുക്കേഷൻ, ഉഴുവത്തുകടവ് |
| 10 | 41/195 | കെ സി സി ട്യൂഷൻ വിംഗ്, അരക്കുളം വെസ്റ്റ് |
| 11 | 5/272 | കാഡ് സെന്റർ, കൊടുങ്ങല്ലൂർ |
| 12 | 5/168 | ആൽമണ്ട് എജ്യുക്കേഷൻ, കൊടുങ്ങല്ലൂർ |
| 13 | 4/1049 | ആംഗ്ലോഫോൺസ് എജ്യുക്കേഷൻ സർവീസ്, ലോകമലേശ്വരം |
| 14 | 4/1097 | ജി ടെക്, നോർത്ത് നട, കൊടുങ്ങല്ലൂർ |
| 15 | 5/1033 | എംസിഎഎൽ (മലബാർ സെന്റർ ഫോർ അഡ്വാൻസ്ഡ് ലേണിംഗ്), കൊടുങ്ങല്ലൂർ |
| 16 | 38/257 | വീ ടൂ ടൂ വിൻ (WE2WIN), മേത്തല, വയലാമ്പം |
| 17 | 17/600 | ബ്രൈറ്റ് ഫോർച്യൂൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് |

എന്നാൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ലെഡ്ജർ പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങൾക്ക് ചട്ട പ്രകാരം രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല. രജിസ്ട്രേഷൻ ഫീ / രജിസ്ട്രേഷൻ പുതുക്കൽ ഫീ എന്നിവ ഈടാക്കി ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ അനുവദിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 33/13.03.2026)

1-15 ലേല കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തിൽ ലേല രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ അധീനതയിലുള്ള പടാകുളത്തിൽ നിന്നും, ആനാപ്പുഴ വിജയൻ തോട് എന്നിവിടങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നതിന് കുത്തക ലേലം നടത്തിയിട്ടുണ്ട്.

ആനാപ്പുഴ വിജയൻ തോട് 48,754 രൂപയും, പടാകുളം 27,875 രൂപയും കുടിശ്ശിക ഉണ്ട്. മേൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/13.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ക്രിമിറ്റോറിയം-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2024-25 വാർഷിക കണക്ക് പ്രകാരം ക്രിമിറ്റോറിയം 6,50,000 രൂപ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. ക്രിമിറ്റോറിയം നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമാവലി നഗരസഭയിൽ അംഗീകരിച്ചതായി കാണുന്നില്ല. ക്രിമിറ്റോറിയം കെയർ ടേക്കറിന് മാന്വൽ രസീത് നഗരസഭയിൽ നിന്നും ഇഷ്യൂ ചെയ്തിട്ടില്ല എന്നും പൊതു അവധി ദിവസങ്ങളിൽ ഉള്ള സർവ്വീസിന് മാന്വൽ രസീത് നൽകുന്നില്ലെന്നും ആയത് അടുത്ത ദിവസം നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കുകയുമാണ് ചെയ്യുന്നത്. ക്രിമിറ്റോറിയത്തിൽ ദഹിപ്പിക്കുന്ന മൃതദേഹങ്ങളെ സംബന്ധിച്ച് രജിസ്റ്റർ കെയർടേക്കർ സൂക്ഷിക്കേണ്ടതും ആയത് ആഴ്ചയിൽ ഒരിക്കൽ പരിശോധനക്ക് ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്. മേൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/13.03.26) മറുപടി ലഭ്യമാക്കിയിട്ടില്ല.വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പൊതു അവധി ദിവസങ്ങളിൽ ഉള്ള സർവ്വീസിന് മാന്വൽ രസീത് സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി-അപാകങ്ങൾ

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 , വകുപ്പ് 245 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി രജിസ്റ്ററിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണമോ, അർദ്ധവാർഷിക വരുമാനമോ, ഓരോ ജീവനക്കാരിൽ നിന്നു ഈടാക്കിയ തൊഴിൽ നികുതിയോ കൃത്യമായി
രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ പേരും ആകെ ഈടാക്കിയ തൊഴിൽ നികുതിയുമാണ് ചേർത്തിട്ടുള്ളത്. മുനിസിപ്പാലിറ്റിയിലെ 36 വാർഡുകളിലായി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും
പരിശോധനയ്ക്കായി ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരുടെയും
സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | 2 | മോഡേൺ ഹോസ്പ്പിറ്റൽ, നേഴ്സിങ്ങ് ട്രയിനിങ്ങ് | II |
| 2 | 2 | ബജാജ് ഫിനാൻസ് | I&II |
| 3 | 2 | എ ആർ മെഡിക്കൽ സെന്റർ | I&II |
| 4 | 2 | മോഡേൺ ഹോസ്പ്പിറ്റൽ, അനക്സ് | I&II |
| 5 | 2 | അക്യുമ്ഡ് ഡയഗ്നോസ്റ്റിക്സ് | I&II |
| 6 | 2 | ക്രാഫ്റ്റ് ഹോസ്പ്പിറ്റൽ | I&II |

| | | | |
|---|---|---|---|
| 7 | 2 | ഏഷ്യാനെറ്റ് ഡിജിറ്റൽ നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ് | I&II |
| 8 | 2 | ബജാജ് ഫിനാൻസ് ലിമിറ്റഡ് | II |
| 9 | 4 | ദുർഗ് ലോഡ്ജ് | I&II |
| 10 | | ഹോട്ടൽ മംഗള | I&II |
| 11 | | ഹാന്റക്സ് ഷോറും | I&II |
| 12 | | ശോഭ ബാവാസ് | I&II |
| 13 | | സുധർമ്മ മെട്രോപ്പൊളിസ് ലാബ് | I&II |
| 14 | | ഗ്രാന്റ് ഫാർമ്മ | I&II |
| 15 | | ഹിലാൽ കോൺഫിഡൻഷ്യൽ ഡെന്റൽ ക്ലിനിക് | I&II |
| 16 | | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് | I&II |
| 17 | | സീഷോർ ഹോട്ടൽ | I&II |
| 18 | | എം ഐ ടി ഹോസ്പിറ്റൽ | I |
| 19 | | ആർ ബ്രൈഡൽ | I&II |
| 20 | | നാല്പമാക്കൽ,വീനസ് ഗ്രാന്റ് | I&II |
| 21 | | പി എ റോസിലി,ആയുർവ്വേദ ആശ്രമം | I&II |
| 22 | | വിബീസ് ബേക്കറി,വിയു പ്ലാസ | I&II |
| 23 | | എച്ച് ഡി എഫ് സി സ്റ്റാന്റേർഡ് ലൈഫ് ഇൻഷ്വറൻസ് ഓഫീസ് | I&II |
| 24 | | എച്ച് ഡി എഫ് സി ബാങ്ക് | I&II |
| 25 | | മോഡേൺ എക്സറേ ലാബ് | I&II |
| 26 | | കാർത്തിക മെഡിക്കൽ ലാബ് | I&II |
| 27 | | ഇ ജി എം ഹോസ്പിറ്റൽ | I&II |
| 28 | | കൽപക ടെക്സ്റ്റൈൽസ് | I&II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരാമർശിച്ച അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 3 (2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ , പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്സ് എന്നിവയും, മൂന്നിലധികം ഓട്ടോറിക്ഷകൾ ഉള്ളവർ), കരാറുകാർ തുടങ്ങിയവയർക്ക് നിശ്ചയിച്ച പരമാവധി അർദ്ധവാർഷിക തൊഴിൽ നികുതി 1250 രൂപയാണ്. ഈ ഗണത്തിൽപ്പെടുന്നവരിൽ നിന്നും 2024 – 25ൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 3 (2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ , പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്സ് എന്നിവയും, മൂന്നിലധികം ഓട്ടോറിക്ഷകൾ ഉള്ളവർ), കരാറുകാർ തുടങ്ങിയവയർക്ക് നിശ്ചയിച്ച പരമാവധി അർദ്ധവാർഷിക തൊഴിൽ നികുതി 1250 രൂപയാണ്. മേൽ ചട്ടത്തിൽ പരാമർശിക്കുന്ന തരം ആളുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3.ലോക്കൽ ഇൻഫ്രാസ്ട്രച്ചർ വിഭാഗം ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2024-25 ൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

1.അങ്കുഷ് കെ.പി

2.വിനു ശിവദാസ്

3.മുഹമ്മദ് സഗീർ പി.എ

4.സജീവൻ പി .എ

5.സത്യജിത്ത് കെ

6.റിഷിൻ കെ.എ

7.വിനു ശിവദാസ് എം

8. സന്ദീപ് ടി എൻ

9.ജോസഫ് പി കെ

10.പ്രസൂൺ. എൻ.പി

11.വിശ്വംഭരൻ കെ.ബി

12. സച്ചിൽ എം.എസ്

13.രഞ്ജിത്ത് ടി

14. അഹമ്മദ് യാസീൻ പി .എൻ

15.രജീഷ് കെ ആർ

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 41/13.032026)

1-18 പെർമിറ്റ് ഫീ കുറവായി ഈടാക്കി

മൾട്ടിപ്പിൾ ഒക്ക്യൂപൻസി കെട്ടിടം നിർമ്മിക്കുന്നതിനായി 26-09-2024 തീയതിയിൽ നഗരസഭയിൽ നിന്നും BPCN-00063152-2024 നമ്പർ പ്രകാരം നിർമ്മാണ അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ പെർമിറ്റ് ഫീ കുറവ് ഈടാക്കിയതായി കാണുന്നു. ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപന ഉടമയുടെ പേര് | തേയ്പ്പറമ്പിൽ മുഹമ്മദ് സൈഫുദീൻ |
| വാർഡ് നമ്പർ | 3 |
| സർവ്വേ നമ്പർ, താലൂക്ക്, വില്ലേജ്. | 144/4-3, 144/4-4 കൊടുങ്ങല്ലൂർ, ലോകമലേശ്വരം. |
| കെട്ടിടത്തിന്റെ ഉപയോഗ ക്രമം | എ 1 – പാർപ്പിടാവശ്യം |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഗ്രൗണ്ട് ഫ്ലോർ – 70.81 ച. മീ. – വാണിജ്യാവശ്യം<br>ഒന്നാം നില – 104.23 ച. മീ. – വാണിജ്യാവശ്യം<br>രണ്ടാം നില – 104.23 ച. മീ. – പാർപ്പിടാവശ്യം<br>ടെറസ്സ് – 10.08 ച. മീ. – പാർപ്പിടാവശ്യം<br>ആകെ ഏരിയ = 289.35 ച. മീ. |

പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് ഫീ ഇനത്തിൽ 17361(No : R-M080300-24013994/Date: 24-09-2024) തുകയാണ് ഈടാക്കിയത്. പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുണ്ട്. ഒരേ കെട്ടിടത്തിൽ തന്നെ വാണിജ്യം, പാർപ്പിടം (മൾട്ടിപ്പിൾ ഒക്ക്യൂപൻസി) എന്നീ വ്യത്യസ്ത ഗണങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഫീസ് കണക്കാക്കിയത് പാർപ്പിട ഗണത്തിൽ ഉൾപ്പെടുത്തിയ നിരക്കിന്റെ അടിസ്ഥാനത്തിൽ ആണ്.

ഈടാക്കിയ ഫീസ്

289.35 X 60 = 17361

ഈടാക്കേണ്ട ഫീസ്

30.07.2024 ലെ സ.ഉ.(കൈ) നം.97/2024/LSGD ഉത്തരവ് പ്രകാരം താഴെ ചേർക്കും പ്രകാരം പെർമിറ്റ് ഫീ കണക്കാക്കി ഈടാക്കേണ്ടതായിരുന്നു.

70.81 X 80 = 5664.8

104.23 X 80 = 8338.4

104.23 X 60 = 6253.8
10.08 X 60 = 604.8
ആകെ പെർമിറ്റ് ഫീസ് = 20861.8

ഈടാക്കിയതിലെ വ്യത്യാസം 20861.8 – 17361= 3500
ആയതിനാൽ 3500 രൂപ നഷ്ടം നഗരസഭക്ക് സംഭവിച്ചിട്ടുണ്ട്. 3500 രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം : 35/ 13.3.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 പെർമിറ്റ് ഫീ -അധികരിച്ച തുക ഈടാക്കി

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 21-06-2024 തീയതിയിൽ നഗരസഭയിൽ നിന്നും BP/4861/2024 നമ്പർ പ്രകാരം നിർമ്മാണ അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ പെർമിറ്റ് ഫീ ഉത്തരവിനേക്കാൾ അധിക നിരക്കിൽ ഈടാക്കി. ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപന ഉടമയുടെ പേര് | ബൈജു കക്കാര |
| ഫയൽ നമ്പർ | 1031719-2024 |
| വാർഡ് നമ്പർ | 39 |
| സർവ്വേ നമ്പർ, താലൂക്ക്, വില്ലേജ്. | 207/7-1, 208/5-1, കൊടുങ്ങല്ലൂർ, മേത്തല. |
| കെട്ടിടത്തിന്റെ ഉപയോഗ ക്രമം | എ 1 – പാർപ്പിടാവശ്യം |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഒരു കോമ്പൗണ്ടിൽ 3 ബ്ലോക്കുകളായി 3 ഇരുനില കെട്ടിടങ്ങൾ<br>1. 141.61 ച. മീ.<br>2. 140.11 ച. മീ.<br>3. 139.53 ച. മീ.<br>ആകെ ഏരിയ = 421.21 ച. മീ. |

ടി കെട്ടിടത്തിന് 54902/- രൂപയാണ് പെർമിറ്റ് ഫീസ് കണക്കാക്കിയതും 14-06-2024 ൽ No : R-M080300-24005941 എന്ന രസീത് പ്രകാരം ഈടാക്കിയതും. തുക തെറ്റായി പെർമിറ്റ് അപേക്ഷ ഫീസിന്റെ ശീർഷകമായ 1401203 ൽ ഉൾപ്പെടുത്തിയാണ് ഈടാക്കിയത്.
54902/- തുക കണക്കാക്കിയത് ഏത് നിരക്കിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.
21.06.2024 ൽ പ്രാബല്യത്തിലുണ്ടായിരുന്ന അംഗീകൃത ഉത്തരവ് (സ.ഉ.(കൈ) നം.85/2023/LSGD തീയതി, തിരുവനന്തപുരം , 31-03-2023) അനുസരിച്ച് 29485 മാത്രമേ ഈടാക്കാൻ സാധിക്കൂ.
അതായത് 141.61 X 70 = 4956.35, 140.11 X 70 = 4903.8, 139.53 X 70 =4883.5,
ആകെ പെർമിറ്റ് ഫീസ് = 29485
അതായത് 29485 ഈടാക്കേണ്ടിയിരുന്നപ്പോൾ 54902/- ആണ് ഈടാക്കിയത്.
പിന്നീട് 31-03-2023 ലെ ഉത്തരവ് പെർമിറ്റ് ഫീസ് പരിഷ്ക്കരിച്ച ഉത്തരവ് (സ.ഉ.(കൈ) നം.97/2024/LSGD തീയതി, തിരുവനന്തപുരം , 30-07-2024) 30.07.2024 ൽ നിലവിൽ വന്നു. ആയത് പ്രകാരം 141.61 X 35 = 4956.35, 140.11 X 35 = 4903.8, 139.53 X 35 =4883.5, ആകെ പെർമിറ്റ് ഫീസ് = 14743.7 ആണ്.
തെറ്റായ പെർമിറ്റ് ഫീ കണക്കാക്കിയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. അധികം ഈടാക്കിയ തുക തിരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം : 38/13.03.2026)

## 1-20 KCZMA അനുമതിയിൽ അധികരിച്ച നിർമ്മാണം - അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല

2024-25 ൽ വേദിക്ക് വില്ലേജ് എന്ന റിസോർട്ടിന്റെ മേൽക്കൂര മാറ്റത്തിന് ഒക്കുപെൻസി അനുവദിച്ചിട്ടുണ്ട്. *'CRZ II, നദീതീരത്തിന്റെ HTL-ൽ നിന്ന് 19.2 മീ.'* എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്ന റിസോർട്ട് കെട്ടിടത്തിന്റെ മേൽക്കൂരമാറ്റത്തിന് കേരള കോസ്റ്റൽ സോൺ മാനേജ്മന്റ് അതോറിറ്റി ഉപാധികളോടെ അനുമതി ലഭിച്ചു. എന്നാൽ ഉപാധികൾ മറി കടന്ന് സ്ഥാപനത്തിൽ അധിക നിർമ്മാണം നടത്തി.

വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.

| | |
|---|---|
| സ്ഥാപന ഉടമയുടെ പേര് | സന്തോഷ് നായർ, ശബരി ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ്. |
| വാർഡ് നമ്പർ | 26 |
| സർവ്വേ നമ്പർ, താലൂക്ക്, വില്ലേജ്. | 1186/PT – 4, 1183/1 – 103, 1186/PT –1 |
| കെട്ടിടത്തിന്റെ ഉപയോഗ ക്രമം | എ 2 – റിസോർട്ട് |
| കെട്ടിടത്തിന്റെ ഏരിയ | 808.69 ച. മീ. |
| കേരള കോസ്റ്റൽ സോൺ മാനേജ്മന്റ് അതോറിറ്റിയിൽ നിന്ന് ലഭ്യമായ അനുമതി വിവരങ്ങൾ | അനുമതി നമ്പർ : 16.3.2024 339/എ 1/2024/ KCZMA |
| | അനുമതി നൽകിയത് : 808.69 ച .മീ. ഏരിയയിൽ നിലവിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരമാറ്റത്തിന് മാത്രം ( FAR = .22, ഒരു നില കെട്ടിടം, കെട്ടിടത്തിന്റെ ഉയരം 5.52 മീ ) |
| | വ്യവസ്ഥകൾ : 1) നിലവിലുള്ള കെട്ടിടങ്ങളുടെ ഏരിയ വർദ്ധിപ്പിക്കാതെ മേൽക്കൂരയിൽ മാത്രം മാറ്റം വരുത്താം.<br><br>2) മേൽ വ്യവസ്ഥകളിൽ എന്തെങ്കിലും വ്യതിയാനങ്ങൾ ഉണ്ടായാൽ നഗരസഭ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്. |
| ഒക്യുപൻസി നൽകിയതിന്റെ വിവരങ്ങൾ | 03.04.2024 ലെ ബി എ – 0156/ 23-24 ഒക്യുപൻസി സർട്ടിഫിക്കേറ്റ് ( 2019 KMBR ചട്ടപ്രകാരമുള്ളത്) |
| കെട്ടിട നമ്പറുകൾ | 26/530 എ, 26/531 എ, 26/532 എ, 26/533 എ, 26/534 എ, |

308 മീ അധികം വീതിയുള്ള നദിയുടെ തീരത്താണ് മേൽ സ്ഥാപനം പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ 05.03.2026 ൽ ഓഡിറ്റ് ടീമിനോടൊപ്പം നഗരസഭ എൻജിനീയർ വിഭാഗവും പരിശോധന നടത്തി. ആയതുമായി ബന്ധപ്പെട്ട് വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ നിന്നും മാലിന്യം പുഴയിലേക്ക് ഒഴുക്കുന്നു.

2. അംഗീകരിച്ച Completion Plan ൽ നിന്നും വ്യത്യസ്തമായി 60 ച. മീ. സ്വിമ്മിങ് പൂൾ നിർമ്മിച്ചിട്ടുണ്ട്. ആയതിന് പുഴയിൽ നിന്ന് (HTL) 4 മീ മാത്രമേ അകലം ഉള്ളത്.



*സ്വിമ്മിങ് പൂൾ*

KCZMA നിർദേശിച്ച ഏരിയയിൽ കൂടുതൽ നിർമ്മാണങ്ങൾ നടത്തിയാൽ ആയതിനെതിരെ നടപടികൾ സ്വീകരിക്കാൻ മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അനധികൃതമായി സ്വിമ്മിങ് പൂൾ നിർമ്മിച്ചതിനെതിരെ നഗരസഭ നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. HTL ൽ നിന്നും 4.27 മീ. ദൂരപരിധിയിൽ കോട്ടേജ്, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

എന്നാൽ KCZMA യുടെ അനുമതിയിൽ *HTL-ൽ നിന്ന് 19.2 മീ.'* എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്.

4. സ്ഥാപനത്തിന് ബോട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി നദീ തീരത്ത് ഡോക്ക് യാർഡ് (ബോട്ട് ജെട്ടി) നിർമ്മിച്ചിട്ടുണ്ട്.



ആയതിന് നഗരസഭ അനുമതി നൽകിയിട്ടില്ല.

5. കെട്ടിടത്തിന് അസ്സെസ്സ്മെന്റ് നടത്തിയ വർഷം, തറവിസ്തീർണ്ണം എന്നിവ ലഭ്യമാക്കേണ്ടതാണ്. റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി പരിഷ്ക്കരിച്ചത് ഏത് വർഷം മുതലാണ് എന്ന വിവരം നഗരസഭയിലെ അസ്സെസ്സ്മെന്റ് രെജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം : 7/ 07.03.2026)

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും വ്യക്തി കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233(2) ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ഈടാക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതിനാൽ ടി കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണത്തിനുള്ള UA നമ്പർ നൽകി വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 1-21 ഒക്യൂപൻസി നൽകിയതിലും അധികരിച്ച ഏരിയക്ക് വസ്തുനികുതി ഈടാക്കി

2024-25 ൽ 3696.75 ച. മീ. ഏരിയക്ക് ഒക്യൂപൻസി അനുവദിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയത് 3828.36 ച. മീ. ഏരിയക്കാണ്. 131.61 ച. മീ. ഏരിയയ്ക്ക് അധികമായി വസ്തുനികുതി ഈടാക്കുന്നു. വിവരങ്ങൾ വിശദമാക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | അബിത് പ്രേംനാഥ്,<br>കൊരോപറമ്പിൽ വീട് |
| വാർഡ് | 40 |
| സർവ്വേ നമ്പർ | 420/2-1, 420/2-3, 422/1 |

| | |
|---|---|
| | ലോകമാലേശ്വരം വില്ലേജ്<br>കൊടുങ്ങല്ലൂർ താലൂക്ക് |
| പെർമിറ്റ് അനുവദിച്ച വിവരം | 05.03.2019 ലെ PW 4- BA (351158) / 2019 പ്രകാരം 2609.74 ച. മീ. (12.12.2022 വരെ)<br>17.06.2022 പ്രകാരം BA 534/18-19 നമ്പറിൽ പുതുക്കിയ പെർമിറ്റ് 3581.735 ച. മീ. (16.06.2027 വരെ) |
| പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ വിവരം | ഗണം – വാണിജ്യാവശ്യത്തിനുള്ളത്<br>ബേസ്മെന്റ് ഫ്ലോർ മുതൽ തേർഡ് ഫ്ലോർ വരെ അഞ്ച് നിലകൾ<br>എക്സിസ്റ്റിങ് ബിൽഡിങ് ഏരിയ – 467.57 ച. മീ.<br>പ്രോപോസ്ഡ് ബിൽഡിങ് ഏരിയ – 3114.16 ച. മീ.<br>ആകെ ഏരിയ = 3581.735 ച. മീ. |
| പണി പൂർത്തീകരിച്ച് ഒക്യുപൻസി നൽകിയത് പ്രകാരം കെട്ടിടത്തിന്റെ വിവരം | ഗണം – വാണിജ്യാവശ്യത്തിനുള്ളത്<br>ബേസ്മെന്റ് ഫ്ലോർ മുതൽ തേർഡ് ഫ്ലോർ വരെ അഞ്ച് നിലകൾ<br>എക്സിസ്റ്റിങ് ബിൽഡിങ് ഏരിയ – 422.25 ച. മീ.<br>കംപ്ലീറ്റഡ് ബിൽഡിങ് ഏരിയ – 3274.5 ച. മീ.<br>ആകെ ഏരിയ = 3696.75 ച. മീ. |
| ഫയർ എൻ ഓ സി (കംപ്ലീഷൻ പ്രകാരം) ലഭിച്ച ഏരിയ | 3558.25 ച. മീ. |
| പെർമിറ്റിൽ അധികരിച്ച പണിത കെട്ടിടഭാഗത്തിന് റെഗുലറൈസേഷൻ ഫീ ഈടാക്കി | 3274.5 ച. മീ. – 3114.16 ച. മീ. = 160.34 ച. മീ. |
| കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കിയത് | 1. 41/845 593.13 ച. മീ.<br>2. 41/846 1150.25 ച. മീ.<br>3. 41/847 1153.32 ച. മീ.<br>4. 41/847(1) 931.66 ച. മീ.<br>ആകെ വിസ്തീർണ്ണം = 3828.36 ച. മീ. |
| ഒക്യുപൻസി അനുവദിച്ചതിൽ നിന്നും കൂടുതൽ ഏരിയക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. | 3696.75 ച. മീ. – 3828.36 ച. മീ. = 131.61 ച. മീ. |

ഒക്യുപൻസി അനുവദിച്ചതിലും അധികമായി 131.61 ച. മീ. ഏരിയക്ക് അധികമായി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. അധികം ഉള്ള 131.61 ച. മീ. ഏരിയ ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയെങ്കിലും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല

നഗരസഭയിൽ 2023-24-ൽ നിർമ്മാണ അറിയിപ്പ് നൽകിയ താഴെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകൾ ഒരു വർഷമായി പണി പൂർത്തീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത മൊബൈൽ ടവറുകൾക്ക് നാളിതുവരെ ഒക്കുപൻസി അനുവദിക്കുകയോ വസ്തുനികുതിനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

13.03.2026 ൽ ഓഡിറ്റ് ടീമും LSGD സാങ്കേതിക വിഭാഗവും ഒന്നിച്ച് നടത്തിയ പരിശോധനയിൽ മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകൾ നിർമ്മാണം നടത്തി ഒരു വർഷമായി പ്രവർത്തനക്ഷമമാക്കിയിരിക്കുന്നു എന്ന് ബോധ്യപ്പെട്ടു.

1. ഫയൽ നമ്പർ : 13053/23 തീയതി 21.8.23

അസ്സൻഡ് ടെലികോം ഇൻഫ്രാസ്റ്റ്ക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്

വാർഡ് : 7

സർവ്വേ നമ്പർ : 111/1-9

2. ഫയൽ നമ്പർ : 6997/23.തീയതി 19.8.23

സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ടക്ചർ ലിമിറ്റഡ്

വാർഡ് : 8

സർവ്വേ നമ്പർ : 559/3-4

17.01.2023 ലെ സ. ഉ. (പി) നമ്പർ 10/2023 എൽ. എസ്. ജി. ഡി. ഉത്തരവ് പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിന് മുമ്പായി നഗരസഭയിൽ ചട്ടപ്രകാരമുള്ള ഫീസ് അടവാക്കി അറിയിപ്പ് (ഇന്റിമേഷൻ) പ്ലാൻ സഹിതം ഹാജരാക്കേണ്ടതുണ്ട്. പിന്നീട് പണി പൂർത്തീകരിച്ച ശേഷം സെക്രട്ടറി സൈറ്റ് പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം ഒക്യുപൻസി സർട്ടിഫിക്കേറ്റ് അനുവദിക്കുകയും ശേഷം വസ്തു നികുതി നിർണ്ണയം നടത്തി ആയത് ഈടാക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകൾ പണി കഴിപ്പിച്ച് അനധികൃതമായി പ്രവർത്തിക്കുന്ന വിവരം നാളിതു വരെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുകയോ ആയതിനെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 242 പ്രകാരമുള്ള വസ്തു നികുതി ഈടാക്കേണ്ടതും പ്രസ്തുത ടവറുകൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമല്ല നിർമ്മിച്ചിട്ടുള്ളത് എങ്കിൽ നിയമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന്റെ നികുതിയുടെ ഇരട്ടി തുകയും വകുപ്പ് 233 ഉപവകുപ്പ് (2) ൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ഉദ്ദേശ്യത്തിനായി അത് പൂർത്തീകരിച്ച തീയതി മുതൽ അല്ലെങ്കിൽ ഉപയോഗിച്ച തീയതി മുതൽ ഏതാണ് ആദ്യം ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ അടയ്ക്കാൻ ആ കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കും. തുടർ നടപടികൾ സ്വീകരിച്ച് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം : 39/13.3.26)

## 1-23 കെട്ടിടങ്ങൾക്ക് നിയമവിരുദ്ധമായി നികുതി ഒഴിവാക്കി നൽകി

1994 കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, മുപ്പത് ച. മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്.

എന്നാൽ, സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകിയതായി കാണുന്നു. എന്നാൽ സഞ്ചയയിൽ വസ്തുനികുതി ഒഴിവാക്കി നൽകിയതിന്റെ അടിസ്ഥാനമായ സർക്കാർ ഉത്തരവുകൾ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപന വിവരങ്ങൾ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | 4/1615 | രാധാകൃഷ്ണൻ, ഭഗവതിവിലാസം. | 50 ച. മീ. |
| 2 | 13/461/C | പ്രിൻസിപ്പാൾ, കെ. കെ. ടി. എം. കോളേജ്, പുല്ലൂറ്റ്. | ഒന്നാം നില – 410 ച. മീ.<br>രണ്ടാം നില – 410 ച. മീ.<br>താഴത്തെ നില – 410 ച. മീ.<br>ആകെ = 1230 ച. മീ. |

| | | | |
|---|---|---|---|
| 3 | 18/431/1 | പ്രിൻസിപ്പാൾ, സെൻറ് തോമസ് കോളേജ്, ശൃംഗപുരം. | 100 ച. മീ. |
| 4 | 41/67 | മദർ സുപ്പീരിയർ, ക്രിസ്തുരാജ് കോൺവെൻറ്. | 164 ച. മീ. |
| 5 | 41/276/ A1 | പ്രസിഡൻറ്, ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂട്ട്, മേത്തല. | 294 ച. മീ. |
| 6 | 21/509 | കൊച്ചിൻ ദേവസ്വം ബോർഡ് ശിവജ്യോതി അതിഥി മന്ദിരം, തിരുവഞ്ചിക്കുളം. | 15.5 ച. മീ. |
| 7 | 21/510 | കൊച്ചിൻ ദേവസ്വം ബോർഡ് ശിവജ്യോതി അതിഥി മന്ദിരം, തിരുവഞ്ചിക്കുളം. | 16 ച. മീ. |
| 8 | 21/511 | കൊച്ചിൻ ദേവസ്വം ബോർഡ് ശിവജ്യോതി അതിഥി മന്ദിരം, തിരുവഞ്ചിക്കുളം. | 16 ച. മീ. |
| 9 | 21/512 | കൊച്ചിൻ ദേവസ്വം ബോർഡ് ശിവജ്യോതി അതിഥി മന്ദിരം, തിരുവഞ്ചിക്കുളം. | 17 ച. മീ. |
| 10 | 21/513 | കൊച്ചിൻ ദേവസ്വം ബോർഡ് ശിവജ്യോതി അതിഥി മന്ദിരം, തിരുവഞ്ചിക്കുളം. | 13.5 ച. മീ. |
| 14 | 35/252 | മദർ സുപ്പീരിയർ, സ്നേഹാലയ കോൺവെൻറ്. | 35 ച. മീ. |
| 15 | 30/255/O | സെക്രട്ടറി മോഹൻ തിയ്യേറ്റേഴ്സ് | 21.42 ച. മീ. |
| 16 | 24/729 | മദർ സുപ്പീരിയർ കോൺവെൻറ്, കോട്ടപ്പുറം. | 24 ച. മീ. |

മേൽ കെട്ടിടങ്ങൾക്ക് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് നൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 26 തീയതി: 12.03.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പ് പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾക്ക് നികുതി പുനപരിശോധിച്ച്, ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മാത്രമല്ല, മറ്റേതെങ്കിലും കെട്ടിടങ്ങൾ ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധന നടത്തി വസ്തുനികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 അർബൻ കിച്ചൺ ബിൻ - വിതരണം പൂർത്തീകരിച്ചിട്ടില്ല

ഫയൽ നം- 216045/25

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 460/25- 2024-25 കൊടുങ്ങല്ലൂർ നഗരസഭ – ശുചിത്വ കേരളം - അർബൻ കിച്ചൻ ബിൻ വിതരണം |
| അടങ്കൽ | 4,95,000<br>സി.എഫ്.സി-1,35,000,<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-3,15,000, ഗുണഭോക്തൃ വിഹിതം-45,000 |
| ചെലവ് | 1,35,000<br>സി.എഫ്.സി-1,35,000 |
| ഇൻവോയ്സ് നമ്പർ | CLD2024255B682/24.03.25 |
| വൗച്ചർ നമ്പർ | P-M080300-24001767/31.03.2025 |

ക്ലീൻ സിറ്റി മാനേജർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ടെണ്ടർ നടപടികളിലൂടെ RAIDCO Kerala LTD, എന്ന സ്ഥാപനത്തിൽ നിന്നും ഒരു യൂണിറ്റിന് 1,450 രൂപ നിരക്കിൽ ബയോ കംബോസ്റ്റ് ബിൻ വാങ്ങിയിരിക്കുന്നു. RAIDCO യുടെ 24.03.2025 ലെ CLD202425B682 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 200 ബിന്നുകൾ (തുക- 2,90,000 രൂപ) സപ്ലൈ ചെയ്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം പ്രോജക്റ്റിൽ നിന്നും സ്ഥാപനത്തിന് 1,35,000 രൂപ നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭ കെട്ടിടത്തിൽ നിരവധി ബയോബിന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ബയോ ബിൻ വിതരണം നടത്തിയ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് 72 പേർക്ക് ബിൻ വിതരണം നടത്തിയ രേഖകളാണ് ഹാജരാക്കിയത് .

2. ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നുവെങ്കിലും ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല. നിലവിൽ 72 ഗുണഭോക്താക്കളിൽ നിന്നായി 10,440 (72x145) രൂപ ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. സി.എഫ്.സി, സംസ്ഥാനാവിഷ്കൃത ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നീ ഫണ്ടുകളിൽ നിന്നുമാണ് പ്രോജക്ടിനായി തുക വകയിരുത്തിയിരുന്നതെങ്കിലും ആനുപാതികമായി തുക നൽകുന്നതിനു പകരം 1,35,000 രൂപ സി.എഫ്.സി ഗ്രാന്റിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

4. 19.03.2025 ന് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ക്ലീൻ സിറ്റി മാനേജരും RAIDCO യുമായി ചമച്ച കരാറിലെ നിബന്ധന പ്രകാരം യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്കുള്ള പരിശീലനം സ്ഥാപനം നൽകേണ്ടതാണ് എന്നാണ്. എന്നാൽ ബിൻ ലഭിച്ച് ഒരു വർഷത്തോളമായിട്ടും ബയോ ബിന്നും ഇനോകുലവും ഗുണഭോക്താക്കൾ കൈപ്പറ്റാതെ അവശേഷിക്കുന്നു. ഗുണഭോക്താക്കൾക്ക് വേണ്ട പരിശീലനം നൽകി വാങ്ങിയ കിച്ചൺ ബിന്നുകൾ വിതരണം നടത്താത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

ബയോബിന്നുകൾ അടിയന്തിരമായി വിതരണം ചെയ്യുന്നതാണെന്നും റിവിഷൻ പദ്ധതിയിൽ തുക ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം- 2/6.03.2026). തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.




നഗരസഭയിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന കിച്ചൺ ബിന്നുകൾ

## 1-25 ഫൈബർ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ -സബ്സിഡി അധികം നൽകി- സർക്കാരിന് നഷ്ടം 91,700 രൂപ

കെ സ്മാർട്ട് ഫയൽ നം - 211567/25

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 66/25- കൊടുങ്ങല്ലൂർ നഗരസഭ 2024-25 – ഫൈബർ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ |
| അടങ്കൽ | 4,40,000<br>സി.എഫ്.സി- 4,00,000 |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം- 40,000 |
| ചെലവ് | 4,00,000<br>സി.എഫ്.സി-4,00,000 |
| ഇൻവോയ്സ് നമ്പർ | 789/GST-24-25/21.02.25 |
| വൗച്ചർ നമ്പർ | P-M080300-24001766/31.03.2025 |

ക്ലീൻ സിറ്റി മാനേജർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ടെണ്ടർ നടപടികളിലൂടെ Indian Centrifuge Engineering Solution Pvt. Ltd. Kottayam എന്ന സ്ഥാപനത്തിൽ നിന്നും ഒരു യൂണിറ്റിന് 29,500 രൂപ വിലവരുന്ന 14 ഫൈബർ സെപ്റ്റിക് ടാങ്കുകൾ ( Biodigester ) വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് ( 789/GST-24-25 Dt.21.02.2025) പ്രകാരം 14 യൂണിറ്റിന്റെ വില 4,13,000 രൂപയാണ്. മേൽ പ്രോജക്ടിൽ നിന്നും സ്ഥാപനത്തിന് 4,00,000 രൂപ നൽകിയിട്ടുണ്ട്. 14 ഫൈബർ സെപ്റ്റിക് ടാങ്കുകൾ വാങ്ങിയതിൽ 8 എണ്ണം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്.

സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ലെ ഖണ്ഡിക 6.8 (ബി) ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ മാർഗനിർദ്ദേശം അനുസരിച്ച് ഗാർഹിക തലത്തിൽ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന് ഓപ്ഷൻ 2 പ്രകാരം നൽകാവുന്ന സബ്സിഡി തുക പരമാവധി 20,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ബാക്കി തുക ഗുണഭോക്തൃവിഹിതമായി ചെലവഴിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃവിഹിതമായി ഒരു യൂണിറ്റിന് കളക്ട് ചെയ്യേണ്ടിയിരുന്ന 9,500 (29500-20000) രൂപയ്ക്ക് പകരം കളക്ട് ചെയ്തിട്ടുള്ളത് 2,950 രൂപയാണ്. ഒരു യൂണിറ്റിന് അനുവദിക്കാവുന്ന 20,000 രൂപയിൽ നിന്ന് അധികമായി 6,550 (29500-2950= 26550) രൂപ തദ്ദേശഭരണ സ്ഥാപന വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം വകയിരുത്തിയതിലും അപാകത കാണുന്നു. 14 ഗുണഭോക്താക്കളിൽ നിന്നായി ഈടാക്കേണ്ട തുക 41,300 (14x2950=41300) രൂപയായിരിക്കെ ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിട്ടുള്ളത് 40,000 രൂപയാണ്.

വാങ്ങിയ 14 എണ്ണത്തിൽ 6 യൂണിറ്റ് വിതരണം ചെയ്തിട്ടില്ല. 14 ഗുണഭോക്താക്കൾക്കായി ചെലവഴിക്കാവുന്ന തദ്ദേശഭരണ സ്ഥാപന വിഹിതം (14x20,000) 2,80,000 രൂപയാണ്. 14 യൂണിറ്റിന് അധികമായി ചെലവഴിച്ച 91,700 (6550x14=91,700) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡി മാർഗനിർദ്ദേശത്തിൽ നിന്നും അധികമായി നൽകിയ സബ്സിഡി 91,700 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതും വിതരണം നടത്താത്ത 6 സെപ്റ്റിക് ടാങ്കുകൾ വിതരണം നടത്തി വിതരണ വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 മുൻകൂർ തുക നൽകിയ പ്രവൃത്തി -ഡബിൾ ചേംബർ നാപ്കിൻ ഇൻസിനിറേറ്റർ പ്രവർത്തന ക്ഷമമായില്ല

പ്രോജക്ട് - 506/25 , കൊടുങ്ങല്ലൂർ നഗരസഭ- നാപ്കിൻ ഇൻസിനിറേറ്റർ ഡബിൾ ചേംബർ സ്ഥാപിക്കൽ

ഫണ്ടിനം- സി.എഫ്.സി

പദ്ധതി അടങ്കൽ- 30,00,000

പദ്ധതി ചെലവ്- 14,98,600

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ലീൻ സിറ്റി മാനേജർ

പരിസര മലിനീകരണ നിയന്ത്രണത്തിനായി ഡബിൾ ചേംബർ നാപ്കിൻ ഇൻസിനിറേറ്റർ സ്ഥാപിക്കുകയെന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പദ്ധതിയുടെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസിയായ RAIDCO Kerala Ltd എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവർത്തിയ്ക്കായി 29,97,200 രൂപയുടെ ഓഫർ നഗരസഭ അംഗീകരിക്കുകയും സ്ഥാപനവുമായി 6.03.2025 ന് കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിരിയ്ക്കുകയും ചെയ്തിട്ടുണ്ട്. 50% തുക അഡ്വാൻസായി കരാർ ചമയ്ക്കുമ്പോൾ കരാർ സ്ഥാപനത്തിന് നൽകേണ്ടതാണെന്ന വ്യവസ്ഥ പ്രകാരം മേൽ പ്രോജക്ടിൽ നിന്നും 14,98,600 രൂപ P-M080300-24001627/14.03.2025 നമ്പർ വൗച്ചർ പ്രകാരം മുൻകൂറായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം 6 മാസത്തിനകം 60Kg ഡയപ്പർ ഇനിസിനേറ്റർ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ

സ്ഥാപിച്ച് നൽകേണ്ടതാണ്. എന്നാൽ പണിപൂർത്തീകരണ വിവരം ഫയലിൽ ലഭ്യമല്ല. കരാർ വ്യവസ്ഥ പ്രകാരം പണിപൂർത്തീകരിച്ചിട്ടുണ്ടെന്നും പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് ഇൻസിനേറ്റർ ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം-9/9.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഗുണവശങ്ങൾ ബോധ്യപ്പെടുത്തി ഇൻസിനേറ്റർ ഉപയോഗപ്രദമാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഇൻസിനേറ്റർ ഉപയോഗപ്രദമാക്കി ധനവിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പദ്ധതി നം:164/25

പേര്:കോക്ലിയർ ഇംപ്ലാൻറ്റേഷന് ധനസഹായം

അടങ്കൽ:3,00,000

ചെലവ്:3,00,000

നിർവ്വഹണോദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ

മേൽപ്പറഞ്ഞ പദ്ധതിയിൽ സർക്കാർ ഉത്തരവ് KSSM/75/2021/P2M തി.28.10.2021 പ്രകാരം സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് 3,00,000 രൂപ കൈമാറിയിട്ടുണ്ട്.മേൽപ്പറഞ്ഞ സർക്കാർ ഉത്തരവു പ്രകാരം കോക്ലിയർ ഇംപ്ലാനറുകളുടെ മെയിന്റനൻസിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ വീതം കുട്ടികളുടെ ലിസ്റ്റ് സഹിതം സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് അയച്ചു കൊടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് .ആയതുപ്രകാരം 6 കുട്ടികളുടെ ലിസ്റ്റ് സഹിതം മാനേജർ,ഹെൽത്ത് എജൻസി,കേരള എന്നവർക്ക് 3,00,000 രൂപ അയച്ചു കൊടുത്തിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/10.03.26) മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 മരുന്നുകൾ ലഭ്യമായിട്ടില്ല

1.നം.39/25

പേര്. പെയിൻ & പാലിയേറ്റീവ് കെയർ

നിർവ്വണോദ്യോഗസ്ഥൻ. മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി

ചെലവ്.3,40,604/-

2.നം.42/25

പേര്. NCD യിലേക്ക് മരുന്ന വാങ്ങൽ

നിർവ്വണോദ്യോഗസ്ഥൻ. മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി

അടങ്കൽ.4,25,000/-

ചെലവ്.4,25,000/-

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം KMCL നിന്നും മരുന്ന് ലഭ്യമാകുന്നതിന് യഥാക്രമം 328543,215498 എന്നിങ്ങനെയുള്ള തുകകൾ കൈമാറി നൽകിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന പ്രകാരം മരുന്നുകൾ ലഭ്യമാകാനുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പ്രോഫോർമ ഇൻവോയ്സ് നം | ലഭിച്ച മരുന്നുകൾ | ബാലൻസ് |
|---|---|---|---|---|
| 1 | 39/25 | PF-4508 തി.18/03/2025 തുക.3,28,543 | 2530/24.11.2025 തുക.42966 3129/06.01.2026 | 2,06,449 |

| | | | | |
|---|---|---|---|---|
| | | | തുക.79,128 | |
| 2 | 42/25 | PF-1995 തി.14/11/2024 തുക.2,15,498/- | 445/12.05.25 തുക.77,635 2462/19.11.25 തുക.56,831 | 81,032 |

ലഭ്യമാകാനുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(16/10.03.2026) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-മുനിസിപ്പൽഎഞ്ചിനീയർ

താഴെപ്പറയുന്ന പദ്ധതികൾ നിർവ്വഹിക്കുവാൻ വിവിധ സർക്കാർ ഏജൻസികൾക്ക് തുക നല്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി ഫയലിൽ നിന്നും കാണുന്നില്ല.

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ | വൗച്ചർ നം/ തിയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, കൊടുങ്ങല്ലൂർ | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (381/25) | 25,397 (വികസന ഫണ്ട്-ജനറൽ) | JMO80300-24000776/ 27.11.24 | 25,397 |
| അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, കൊടുങ്ങല്ലൂർ | ,, | 20,033 (വികസന ഫണ്ട്, ജനറൽ) | JMO80300-24001009/ 26.03.25 | 20,033 |
| ഡിസ്ട്രിക്ട് എഞ്ചിനീയർ, അനർട്ട് | പി ഭാസ്കരൻ മെമ്മോറിയൽ ഹയർ സെക്കന്ററി സോളാർ പാനൽ ഇൻസ്റ്റലേഷൻ,236/25 | 14,68,500 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | JMO80300-24000699/ 26.09.24 | 14,68,500 |
| ഡിസ്ട്രിക്ട് എഞ്ചിനീയർ, അനർട്ട് | കെ.കെ.ടി.എം.ഹയർ സെക്കന്ററി സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ,308/25 | 28,87,500 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | JMO80300-24000896/ 23.09.24 | 28,87,500 |
| ഡിസ്ട്രിക്ട് എഞ്ചിനീയർ, അനർട്ട് | താലൂക്ക് ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ,235/25 | 49,88,500 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | JMO80300-24001124/ 26.09.24 | 49,88,500 |

മേൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി-28/12.03.2026

1-30 ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങി

നം.15/25

പേര്. താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ

നിർവ്വണോദ്യോഗസ്ഥൻ. മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി

ചെലവ്.50,00,000/-

മേൽപ്പറഞ്ഞ പ്രോജക്ട പ്രകാരം 2024-25 സാമ്പത്തിക വർഷത്തേക്ക് ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ടെൻഡർ നം.C/1070/2024 തി.14/05/2024 പ്രകാരം ടെൻഡർ ക്ഷണിക്കുകയും വിതരണക്കാരുമായി റണ്ണിങ്ങ് കരാറിൽ(ഒരു വർഷത്തേക്ക് )ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മരുന്നുകൾ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

| ക്ര നം | ബിൽ നം | തുക | സ്ഥാപനം |
|---|---|---|---|
| 1 | 844/10.05.24 | 1,33,476 | ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് |
| 2 | 4652/20.11.24 | 1,43,042 | ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് |
| 3 | 5438/31.12.24 | 2,29,365 | ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് |

ഈ വാങ്ങൽ നടപടി ക്രമങ്ങളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സർക്കാർ ഉത്തരവ് പ്രകാരം നീതി മെഡിക്കൽ സ്റ്റോർ,സപ്ലൈകോ,ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നൊക്കെയാണ് നേരിട്ട് വാങ്ങാവുന്നത്.എന്നാൽ മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനം സ്വകാര്യസ്ഥാപനമാണ്. ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കാതെ, സ്വകാര്യ സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്.

2. ക്രമ നം.1 പ്രകാരം INJ EPOFER 4000 IU(erithropotein)) എന്ന മരുന്ന് 300 എണ്ണം ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.ഒന്നിന്റെ വില 444.92 രൂപയാണ്. അതായത് 300X444.92=1,33,476 രൂപ(ബിൽ നം.844/10.05.24). 2024-25 സാമ്പത്തിക വർഷത്തേക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്ക് നടത്തിയ ടെൻഡറിൽ(ടെൻഡർ നം.C/1070/2024 തി.14/05/2024) ഈ മരുന്നിന് ക്വോട്ട് ചെയ്ത നിരക്ക് 202 രൂപയാണ്(Charlsons MediSale).2024-25 സാമ്പത്തിക വർഷത്തേക്ക് ഡയാലിസിസ് രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയ്ക്ക് നടത്തിയ ടെൻഡറിൽ(ടെൻഡർ നം.C/1075/2024 തി.20/05/2024) ഈ മരുന്നിന് ക്വോട്ട് ചെയ്ത നിരക്ക് 156.80 രൂപയാണ്(New Trinity Pharmaceuticals). 2023-24 സാമ്പത്തിക വർഷത്തേക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്ക് നടത്തിയ ടെൻഡറിൽ(ടെൻഡർ നം.C/405/2023 തി.20/02/2023) ഈ മരുന്നിന് ക്വോട്ട് ചെയ്ത നിരക്ക് 211 രൂപയാണ്(Genocide Formulations).എന്നാൽ ഈ മരുന്ന് 444.92 രൂപയ്ക്കാണ്(ഒന്നിന്) ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ റണ്ണിങ്ങ് കരാർ അവസാനിക്കുകയും 2024-25 സാമ്പത്തിക വർഷത്തേക്ക് നടത്തിയ ടെൻഡർ നടപടികൾക്ക് തൊട്ട് മുമ്പാണ് ഈ വാങ്ങൽ നടത്തിയിട്ടുള്ളത്. ആയത് ക്വട്ടേഷൻ/ടെൻഡർ നടപടികൾ കൂടാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും അധിക വിലയ്ക്ക് നേരിട്ട് വാങ്ങി. Charlsons MediSale ക്വോട്ട് ചെയ്ത 202 രൂപ വച്ച് കണക്കാക്കിയാൽ 300 എണ്ണം മരുന്നിന് 242.92(444.92-202)x300=72876 രൂപയോളം അധിക ചെലവ് വന്നിട്ടുണ്ട്.

3. ക്രമ നം.3 പ്രകാരം CLAV Park-625 MG Tab എന്ന മരുന്ന് 3840X6 =23040 എണ്ണം ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.ഒന്നിന്റെ വില 8.40 രൂപയാണ്. 2024-25 സാമ്പത്തിക വർഷത്തേക്ക് നടത്തിയ ടെൻഡറിൽ(ടെൻഡർ നം.C/1070/2024 തി.14/05/2024) ഈ മരുന്നിന് ക്വോട്ട് ചെയ്ത നിരക്ക് 8.06 രൂപയാണ്(Genocide Formulations). ഈ സ്ഥാപനവുമായി Running Contract ഉള്ളപ്പോൾ L2 നിരക്ക് ക്വോട്ട് ചെയ്ത ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 8.40 രൂപ

നിരക്കിലാണ് മരുന്നുകൾ(23040 എണ്ണം) വാങ്ങിയിട്ടുള്ളത്. അതായത് ഈ മരുന്ന് വാങ്ങുന്നതിനായി 7834(23040X0.34) രൂപ ചിറയത്ത് ഫാർമസ്യൂട്ടിക്കൽസിന് അധികമായി നൽകേണ്ടി വന്നിട്ടുണ്ട്. Running Contract ഉള്ള സ്ഥാപനത്തെ ഒഴിവാക്കി രണ്ടാമത്ത് കുറവ് ക്വോട്ട് ചെയ്ത ചിറയത്ത് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് സ്റ്റോർ പർച്ചേസ് മാനുവലിലെ ചട്ടങ്ങളുടെ ലംഘനമാണ്.

മേൽപ്പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 20/10.03.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാങ്ങൽ നടപടിക്രമങ്ങളിൽ സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-31 ബില്ലിൽ നിന്നും GST-TDS നടത്തിയിട്ടില്ല

പദ്ധതി നം:43/25

പേര്: താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

ചെലവ്:27,25,000(റോഡിതരം)

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ശ്രീ.ഗോകുലം ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഒരു ബില്ലിൽ നിന്നും ജി.എസ്.റ്റി-റ്റി.ഡി.എസ് നടത്തിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/10.03.2026) മറുപടി ലഭ്യമാക്കിയില്ല.

| ബിൽ നം | തുക | ഉപകരണം | സ്ഥാപനം |
|---|---|---|---|
| 614/19.12.2024 | 3,11,525 | UMEC7-Patient Monit0r | ശ്രീ.ഗോകുലം ഹെൽത്ത് കെയർ |
| 685/23.01.2025 | 10,48,320 | Fully Automated Hematology Analyzer | ശ്രീ.ഗോകുലം ഹെൽത്ത് കെയർ |

ആയതിനാൽ 2.5 ലക്ഷത്തിന് മുകളിൽ വരുന്ന വാങ്ങൽ നടപടി ക്രമങ്ങളിൽ ജി.എസ്.റ്റി-റ്റി.ഡി.എസ് നടത്തേണ്ടത് നിർവ്വണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായതിനാൽ വരും വർഷങ്ങളിൽ നടത്തുന്ന വാങ്ങൽ നടപടി ക്രമങ്ങളിൽ ജി.എസ്.റ്റി-റ്റി.ഡി.എസ് ചട്ടപ്രകാരം നിർവ്വഹിക്കേണ്ടതാണ്.

## 1-32 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് ഫയലുകൾ ഹാജരാക്കിയില്ല 54,21,354 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ, ബില്ലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | ഫണ്ടിനം | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ/ തിയതി |
|---|---|---|---|---|
| 2/25-കൊടുങ്ങല്ലൂർ നഗരസഭ 2024-25-ഐ.കെ.എം വിഹിതം കൈമാറൽ | വികസനഫണ്ട് | 3,50,000 | 3,50,000 | JM080300-2400953/ 31.03.25 |
| 513/25-കൊടുങ്ങല്ലൂർ നഗരസഭ 2024-25-കേരള വാട്ടർ | വികസനഫണ്ട്<br>സി.എഫ്.സി | 75,98,720<br>24,01,280 | 26,70,074<br>24,01,280 | JM080300-24000982 / 23.03.25<br>JM080300-24001015/ 23.03.25 |

| | | | | |
|---|---|---|---|---|
| അതോറിറ്റിയ്ക്ക് വെള്ളക്കരം കുടിശ്ശിക അടവാക്കൽ | | | | JM080300-24001754/ 31.03.25 |

പ്രോജക്ട് ഫയലുകളും രേഖകളും ഹാജരാക്കുന്നതുവരെ 54,21,354 രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി രേഖകൾ ലഭ്യമാക്കിയില്ല 3,45,483 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് 179/25- കൊടുങ്ങല്ലൂർ നഗരസഭ 2023-24- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ
അടങ്കൽ- 4,19,521

ഫണ്ട്- വികസന ഫണ്ട് -ജനറൽ

ചെലവ് – 3,45,483
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| തുക | വൗച്ചർ നമ്പർ |
|---|---|
| 56,751 | JM080300-24001041/14.05.24 |
| 97,869 | JM080300-24000720/10.05.24 |
| 88,407 | JM080300-24001016/14.05.24 |
| 52,698 | JM080300-24000981/14.05.24 |
| 49,758 | JM080300-24000854/14.05.24 |

മേൽ പ്രൊജക്ടിൽ നിന്ന് 3,45,483 രൂപ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ക്ഷീരസംഘങ്ങളിൽ പാൽ അളന്നതിന്റെ സ്റ്റേറ്റ്മെന്റ് ക്ഷീരസംഘം സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയത് ഫയലിൽ ഇല്ല. ഗുണഭോക്താക്കൾക്ക് തുക വിതരണം നടത്തിയ ബില്ലുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഓരോ ഗുണഭോക്താവിനും നൽകേണ്ട തുക കണക്കാക്കിയ വിവരം, ക്ഷീരസംഘങ്ങളിൽ പാൽ അളന്നതിന്റെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം-12/10.03.25). വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 3,45,483 രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 സുലേഖ ചെലവ്സ്റ്റേറ്റ്മെന്റിൽ യഥാർത്ഥ ചെലവ് വിവരം ഉൾപ്പെട്ടില്ല

പ്രോജക്ട് -449/25- കൊടുങ്ങല്ലൂർ നഗരസഭ – മാലിന്യ സംസ്കരണം - ഇമേജിന് പണം നൽകൽ- വെറ്റിനറി ഡിസ്പെൻസറി നാരായണ മംഗലം, വെറ്റിനറി പോളിക്ലിനിക്ക് കൊടുങ്ങല്ലൂർ
അടങ്കൽ- 25000

ഫണ്ട് -സി.എഫ്.സി

ചെലവ് – 4,620

വെറ്റിനറി ഡിസ്പെൻസറി നാരായണ മംഗലം, വെറ്റിനറി പോളിക്ലിനിക്ക് കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ ബയോ മെഡിക്കൽ വേസ്റ്റ് മാലിന്യസംസ്കരണത്തിനായി Image ന് പണം നൽകുന്ന പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചതായി പ്രോജക്ട് ഫയലിൽ കാണുന്നു.

| തുക | വൗച്ചർ നമ്പർ |
|---|---|
| 11088 | 30.11.24 |
| 4620 | PM080300-2500821/31.03.26 |
| 3696 | PM080300-2500823/31.03.26 |

സുലേഖ ചെലവ് പത്രിക പ്രകാരം 4620 രൂപയാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന് മറുപടി ലഭ്യമാക്കുവാനും 11,088 രൂപ ചെലവഴിച്ചതിന്റെ പേയ്മെന്റ് വൗച്ചർ വിവരം ലഭ്യമാക്കുവാനും

ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം-13/10.03.25). അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 മൊബൈൽ എഫ്.എസ്.ടി.പി-മോണിറ്ററിംഗ് കാര്യക്ഷമമല്ല- ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

പ്രോജക്ട് - 215/25- ശുചിത്വ കേരളം - അർബൻ- മൊബൈൽ എഫ്.എസ്.ടി.പി സ്ഥാപിക്കൽ

| | |
|---|---|
| ഫയൽ നമ്പർ | P-13887-23<br>Ksmart- 2633124-2024 |
| അടങ്കൽ | 37,00,000 |
| ചെലവ് | 33,75,000 |
| ഫണ്ടിനം | സംസ്ഥാനാവിഷ്കൃതം |
| വൗച്ചർ നമ്പർ | P-M080300-24001255 / 19.12.2024<br>(തുക-19,96,000 )<br>P-M080300-24001536/ 18.02.2025<br>( തുക- 12,44,000) |
| നിർവ്വഹണോദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |

കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിൽ സെപ്റ്റേജ്/ഫീക്കൽ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്ന ആവശ്യത്തിലേക്കായി ഇടെണ്ടർ നടപടികളിലൂടെ Bhouma Envirotech Private Limited എന്ന സ്ഥാപനത്തിൽ നിന്ന് 44,25,000 രൂപ വിലയുള്ള മൊബൈൽ എഫ്.എസ്.ടി.പി വെഹിക്കിൾ [അശോക് ലൈലാൻഡ് ബഡാദോസ്ത് 14 (KLM-0631) വാഹനം (ഇൻവോയ്സ് -32BET2425C001 തി. 18.06.24)] മേൽ പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്. 2023-24 സാമ്പത്തികവർഷം 8 ലക്ഷം രൂപയും 2024-25 വർഷത്തിൽ മേൽ പ്രോജക്ടിൽ നിന്ന് 33,75,000 (32,40,000 + 56,000 ജി.എസ്.ടി ഡിഡക്ഷൻ ) രൂപയും നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 2,50,000 രൂപ സ്ഥാപനത്തിന് നൽകാൻ ബാക്കിയുണ്ട്. 24.07.2024 ലെ കൗൺസിൽ തീരുമാനം 1 (1) പ്രകാരം നിശ്ചയിച്ച മൊബൈൽ സെപ്റ്റേജ്/ഫീക്കൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സേവന നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| ഉപയോഗം | നിരക്ക് | കുറിപ്പ് |
|---|---|---|
| നഗരസഭ പരിധിയിലെ ഭവനം | 5,000 | ആദ്യ 6 മാസം 4,000 രൂപ |
| നഗരസഭ സമീപ പഞ്ചായത്തുകളിലെ ഭവനം | 6,000 | 10 KM ദൂരം അധികരിച്ചാൽ 7,500 രൂപ |
| Commercial സ്ഥാപനങ്ങൾ | 10,000 | |
| ഫ്ളാറ്റുകൾ | 25,000 | |

മൊബൈൽ സെപ്റ്റേജ്/ഫീക്കൽ ട്രീറ്റ്മെന്റ് പ്ലാന്റ് 3 വർഷത്തേയ്ക്ക് പ്രവർത്തിപ്പിയ്ക്കുന്നതിനും പരിപാലിക്കുന്നതിനും വാഹനം സപ്ലൈചെയ്ത Bhuma Envirotech Pvt.Ltd എന്ന വിതരണ സ്ഥാപനവുമായി 22.11.2024 ന് നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 5 ദിവസത്തെ മുഴുവൻ സേവനത്തിന് 50,000 രൂപ നഗരസഭ സ്ഥാപനത്തിന് നൽകണമെന്നും, ഇങ്ങനെ സേവനം നൽകുമ്പോൾ കുറഞ്ഞത് 10 ടാങ്കുകളുടെ സെപ്റ്റേജ്/സ്വിവറേജ് ട്രീറ്റ്മെന്റ്, മറ്റ് ചാർജ്ജുകൾ ഒന്നും ഇല്ലാതെ 300 Km വാഹനം ഓടുന്നതിനുള്ള ഡീസൽ ചെലവ് എന്നിവ കരാർ സ്ഥാപനം വഹിക്കണമെന്നും, അധികരിക്കുന്ന ദൂരത്തിന് ഡീസൽ ചെലവ് നഗരസഭ നൽകണമെന്നും, എല്ലാ മാസവും ആദ്യ പ്രവൃത്തിദിനം മുൻ മാസത്തെ ഇൻവോയ്സുകൾ കരാർ സ്ഥാപനം നഗരസഭയ്ക്ക് സമർപ്പിക്കണമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭാ പരിധിയിലെ സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിന് 44,25,000 രൂപ വിലയുള്ള മൊബൈൽ യൂണിറ്റ് നഗരസഭയിൽ വാങ്ങി 15 മാസം പിന്നിട്ടിട്ടും വാഹനം ശരിയായ വിധത്തിൽ വിനിയോഗിക്കുന്നതിനോ, സെപ്റ്റേജ് ട്രീറ്റ്മെന്റ് സേവനം പൊതുജനങ്ങളിലേയ്ക്ക് പൂർണ്ണമായും എത്തിയ്ക്കുവാനോ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. 2024-25, 2025-26 വർഷങ്ങളിൽ എഫ്.എസ്.ടി.പി യിൽ നിന്ന് വരുമാനമായി

ലഭിച്ചിട്ടുള്ളത് 90,000 രൂപ മാത്രമാണ് എന്ന് നഗരസഭ നൽകിയ മറുപടിയിൽ നിന്നും ഇക്കാര്യം വ്യക്തമാണ്. വാഹന ഉപയോഗം പരിശോധിക്കുന്നതിനായി ലോഗ് ബുക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. ഇന്ധന ചാർജ്ജ് വഹിക്കുന്നത് കരാർ സ്ഥാപനം ആയതിനാൽ വാഹനത്തിന്റെ ലോഗ് ബുക്ക് നഗരസഭ സൂക്ഷിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം കസ്റ്റോഡിയൻ ഓഫീസറാണ് ലോഗ് ബുക്കിന്റെ സൂക്ഷിപ്പുകാരൻ എന്നതിനാൽ നഗരസഭയുടെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

കരാർ പ്രകാരം ഓരോ മാസവും 5 ദിവസത്തെ മുഴുവൻ സേവനത്തിന് 50,000 രൂപയാണ് നഗരസഭ സ്ഥാപനത്തിന് നൽകേണ്ടത് എന്നിരിക്കെ 2024-25, 2025-26 വർഷങ്ങളിൽ ഓപ്പറേഷൻ & മെയിന്റനൻസിനായി 2,50,000 രൂപ നഗരസഭ ചെലവഴിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. അതേ സമയം വാഹനം വാങ്ങിയ ഇനത്തിൽ നൽകുവാൻ ബാക്കിയുള്ള തുക അനുവദിക്കാതിരുന്നതിന് മറുപടി നൽകിയിട്ടില്ല.

നഗരസഭയുടെ വാഹനം ഉപയോഗിക്കുന്നതിനുള്ള സേവന നിരക്കുകൾ ഈടാക്കുന്നത് നഗരസഭയും കരാർ പ്രകാരം സേവനം നൽകുന്നത് കരാർ സ്ഥാപനവും ആയതിനാൽ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതി നഗരസഭയ്ക്ക് ബാധ്യതയായി മാറാതിരിയ്ക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. വേണ്ടത്ര പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വാഹനം പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മൊബൈൽ സീവേജ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സുഗമമായ നടത്തിപ്പിന് കരാർ പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും ആവശ്യമാണ്. ഇക്കാര്യത്തിൽ നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ കൃത്യമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തണം. പദ്ധതി പ്രവർത്തന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. *(ഓഡിറ്റ് അന്വേഷണം- 10/9.03.2026)*

## 1-36 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടി സ്വീകരിക്കണം

പ്രോജക്ട് നമ്പർ- 33/25, ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണം -നഗരസഭ വിഹിതം

ഫണ്ടിനം - വികസനഫണ്ട് (ജനറൽ)

പദ്ധതി അടങ്കൽ- 82,00,000

പദ്ധതി ചെലവ്- 82,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ- ക്ലീൻ സിറ്റിമാനേജർ

മേൽ പ്രോജക്ട് പ്രകാരം ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് | നാളിതുവരെ കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ അവസാന തീയതി |
|---|---|---|---|---|
| 1 | സുഷമ സി.പി , തേവാലിൽ | 29 | 3,60,000 | 8.05.2025 |
| 2 | സരസ, മടത്തുംകടവിൽ | 26 | 3,60,000 | 24.05.2025 |
| 3 | ലക്ഷ്മി , വില്ലുമംഗലത്ത് | 14 | 3,60,000 | 29.08.2025 |
| 4 | ജീന പി.ടി, പാലപറമ്പിൽ | 18 | 3,60,000 | 11.11.2025 |
| 5 | ചന്ദ്രമതി, തയ്യിൽ | 29 | 3,60,000 | 26.03.2025 |
| 6 | ജയ ടി.എസ്, താരേപറമ്പിൽ | 36 | 3,60,000 | 16.12.2025 |
| 7 | രജനി മുരളി, പെട്ടിക്കാട്ടിൽ | 1 | 3,60,000 | 24.05.2025 |
| 8 | രതി, അറയ്ക്കൽ | 7 | 3,60,000 | 25.01.2025 |
| 9 | രഞ്ജിത്ത്, ആറഞ്ചേരി കളരിക്കൽ | 40 | 3,60,000 | 25.01.2025 |
| 10 | ഷിനി ഒ.സി, നൻമ്മശ്ശർ | 26 | 3,60,000 | 24.05.2025 |
| 11 | അമ്മിണി, വില്ലുമംഗലത്ത് | 13 | 3,60,000 | 8.05.2025 |

| | | | | |
|---|---|---|---|---|
| 12 | ഭാരതി, താനിയത്ത് | 29 | 3,60,000 | 26.03.2025 |
| 13 | കാഞ്ചന വി.ബി, പുളിക്കൽ | 28 | 3,60,000 | 30.08.2025 |
| 14 | കദീജ കെ.എച്ച്, പൊയിലിങ്കൽ | 28 | 3,60,000 | 26.03.2025 |
| 15 | ഉഷ എ.എസ്, പുളിക്കൽ | 28 | 3,60,000 | 24.05.2025 |
| 16 | മേരി ഫ്രാൻസിസ് , ചാണേപറമ്പിൽ | 17 | 3,60,000 | 8.05.2025 |
| 17 | ടി.കെ ഗിരിജ, കുറ്റിയിൽ | 34 | 3,60,000 | 30.08.2025 |
| 18 | പോൾ പി.എം, പാലപ്പറമ്പിൽ | 25 | 3,60,000 | 17.09.2025 |
| 19 | ഐഷാബി , ചേന്ദമംഗലത്ത് | 30 | 3,60,000 | 8.05.2025 |
| 20 | ജെസി, അവിട്ടമ്പിള്ളി | 27 | 3,60,000 | 27.08.2025 |
| 21 | ഗീതൾ കെ.യു, തെക്കുട്ട് | 44 | 3,60,000 | 27.08.2025 |
| 22 | സിന്ധു, വെള്ളാങ്കല്ലൂക്കാരൻ | 11 | 3,60,000 | 30.05.2025 |
| 23 | അഖില , മുറിയിൽ | 19 | 3,60,000 | 2.03.2026 |
| 24 | സരിഗ കൃഷ്ണ ,കാട്ടുകണ്ടത്തിൽ | 2 | 3,60,000 | 30.05.2025 |
| 25 | ശാന്ത കെ.കെ, മുരുക്കുംതറ | 17 | 3,60,000 | 16.09.2025 |
| 26 | സരിത സഹദേവൻ, അയിനിക്കാട്ടിൽ | 1 | 3,60,000 | 6.05.2025 |
| 27 | ജാസ്മിൻ പി.കെ , കല്ലുപറമ്പിൽ | 8 | 3,60,000 | 24.05.2025 |
| 28 | രശ്മി സി.എസ്, പത്രകടവിൽ | 29 | 3,60,000 | 9.09.2025 |
| 29 | നിഷ, മാടത്ര | 37 | 3,60,000 | 9.09.2025 |
| 30 | മാലതി, കണ്ണത്തേരി | 5 | 3,60,000 | 8.09.2025 |
| 31 | അജിത കെ.എസ്, ചക്കണ്ടി | 44 | 3,60,000 | 3.06.2025 |
| 32 | ദീപിക, പൊന്നഞ്ചേരി | 19 | 3,60,000 | 11.11.2025 |
| 33 | ഉഷ എം.എ , കായിപ്പറമ്പിൽ | 30 | 3,60,000 | 11.09.2025 |
| 34 | സുഹറാബി, കുന്നങ്ങൽ | 5 | 3,60,000 | 9.09.2025 |
| 35 | ചിന്ന എം.ഒ, പടമാട്ടുമ്മേൽ | 26 | 3,60,000 | 8.09.2025 |
| 36 | അനിത സതീഷ്, കൊടക്കാട്ടിൽ | 39 | 3,60,000 | 30.08.2025 |
| 37 | ശാരി അറയ്ക്കൽ | 32 | 3,60,000 | 3.06.2025 |
| 38 | രമണി കെ.എം,പുത്തൻതോട്ടുങ്ങൽ | 8 | 3,60,000 | 11.11.2025 |
| 39 | സരസ്വതി , കണ്ണംപറമ്പിൽ | 32 | 3,60,000 | 16.09.2025 |
| 40 | സൗമ്യ ജോജൻ, തട്ടകത്ത് | 36 | 3,60,000 | 26.03.2025 |
| 41 | ബീന വി.എ, നെടുംപറമ്പിൽ | 30 | 3,60,000 | 3.06.2025 |
| 42 | അശ്വതി കെ.എ, കൈതവളപ്പിൽ | 22 | 3,60,000 | 16.09.2025 |
| 43 | ദീപ, കണിയത്ത് | 9 | 3,60,000 | 24.05.2025 |
| 44 | ബീവി അബു, വൈപ്പിപാടത്ത് | 30 | 3,60,000 | 30.08.2025 |

| | | | | |
|---|---|---|---|---|
| 45 | കല്ല്യാണി വാസുദേവൻ അടിമച്ചാലിൽ | 6 | 3,60,000 | 29.08.2025 |
| 46 | സബീന അനീഷ്,കുഴികണ്ടത്ത് | 31 | 3,60,000 | 8.05.2025 |
| 47 | താഹിറ സഗീർ ,കുഴികണ്ടത്ത് | 39 | 3,60,000 | 17.09.2025 |
| 48 | സക്കീന കെ.എ, എടവനക്കാട് | 29 | 3,60,000 | 8.05.2025 |
| 49 | ശാന്ത സുകുമാരൻ, കുറ്റിനിക്കാട്ടിൽ | 31 | 3,60,000 | 24.05.2025 |
| 50 | തുളസി , കാലടിപ്പറമ്പിൽ | 14 | 3,60,000 | 26.03.2025 |
| 51 | സന്തോഷ് ഗോപാലൻ, ചാലാം വീട്ടിൽ | 39 | 3,60,000 | 30.08.2025 |
| 52 | താര കാട്ടുപറമ്പിൽ | 37 | 3,60,000 | 25.01.2025 |
| 53 | ശോഭന സുധാകരൻ, നെല്ലിപറമ്പത്ത് | 19 | 3,60,000 | 29.08.2025 |

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-27/12.03.2026) മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് പൂർത്തീകരണ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 സ്റ്റീൽ പ്രവൃത്തികൾ -ഹോളോ ട്യൂബുകളുടെ കനം രേഖപ്പെടുത്തുന്നില്ല. സിപിഡബ്ലിയുഡി 2009, ഇന്ത്യൻ സ്റ്റാന്റേഡ് 1200:1993 ഭാഗം 8 ലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

സർക്കാർ ഉത്തരവ് (കൈ)നം.3/2017 (പൊതുമരാമത്ത്) തീയ്യതി 09.08.2017 പ്രകാരം ടെണ്ടർ നടപടികൾക്കുള്ള സ്റ്റാന്റേഡ് ബിഡ് ഡോക്യുമെന്റ് അംഗീകരിച്ച് ഉത്തരവ് ഭാഗം V ലെ ഖണ്ഡിക 1.1 പ്രകാരം കെട്ടിട നിർമാണത്തിന്റെ സ്പെസിഫിക്കേഷനും അളവെടുക്കലും സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 2009 ന് അനുസൃതമായിരിക്കും. സ്റ്റാന്റേഡ് ബിഡ് ഡോക്യുമെന്റ് ലെ ഭാഗം 1 ഖണ്ഡിക 36.1 പ്രകാരം അളവെടുക്കുന്നത് സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 2009 അല്ലെങ്കിൽ ഇന്ത്യൻ സ്റ്റാന്റേഡ് 1200 (IS :1200) പ്രകാരമായിരിക്കും എന്നിങ്ങനെ പരാമർശിച്ചിട്ടുണ്ട്.

1. സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 2009 ഖണ്ഡിക 10.13.5 പ്രകാരം മറ്റ് രീതിയിൽ പരാമർശിക്കാത്ത പക്ഷം, പ്രവൃത്തിയ്ക്കുപയോഗിച്ച ഹോളോ സെക്ഷനുകളുടെ അളവ് എടുക്കുന്നതിന് നീളം കണക്കാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവാര പട്ടിക (Standard Table) പ്രകാരമുള്ള ഭാരം കണക്കാക്കുകയുമാണ് ചെയ്യേണ്ടത്. ഡി.എ.ആർ. ബാധകമാക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന 1974 ലെ കേരള സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 10.1.5 പ്രകാരവും ഇപ്രകാരം തന്നെയാണ് ഭാരം കണക്കാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്.

2. IS 1200 :1993 (ഭാഗം 8- കെട്ടിടങ്ങളുടെയും സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും അളവെടുക്കുന്ന രീതി) ഖണ്ഡിക 3.7.1 പ്രകാരവും പ്രവൃത്തിയ്ക്കുപയോഗിച്ച സ്റ്റീലിന്റെ പരിഛേദത്തിന്റെ (Cross Section) നീളം, വീതി(ഉയരം), കനം എന്നിവ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിസ്തീർണം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ച സ്റ്റീലിന്റെ നീളം കൂടി കണക്കിലെടുത്ത് ഉപയോഗിച്ച സ്റ്റീലിന്റെ ഭാരം കണക്കാക്കേണ്ടതാണ്.

കേരള പി.ഡബ്ലിയു.ഡി. ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 ഖണ്ഡിക 1203.1. (ബി) പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്യുന്ന സ്റ്റീലിന്റെ ജ്യാമിതീയ അളവ് (Geometric Dimension) IS കോഡ് പ്രകാരമായിരിക്കണം. അതിൽ ദീർഘചതുരാകൃതിയിലുള്ള ഹോളോ സെക്ഷന്റെ ജ്യാമിതീയ അളവ് IS 4923:1997 പ്രകാരം ആയിരിക്കണം എന്നിങ്ങനെ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ വസ്തുതകളിൽ നിന്നും സ്റ്റീൽ ട്യൂബുകളുടെ പരിഛേദന അളവുകളുടെ

(വീതി,ഉയരം,കനം)അടിസ്ഥാനത്തിൽ പരിഛേദവിസ്തീർണം കണക്കാക്കണമെന്നും ഒരു ചതുരശ്രമീറ്ററിന് 0.785 കിഗ്രാം എന്ന നിരക്കിൽ ഉപയോഗിച്ച സ്റ്റീലിന്റെ നീളം (സ്റ്റീലിന്റെ സാന്ദ്രത)കണക്കാക്കി ഉപയോഗിച്ച ആകെ സ്റ്റീലിന്റെ ഭാരം കണ്ടെത്തി ആയത് പ്രകാരമാണ് തുക അനുവദിക്കേണ്ടത് എന്ന് വ്യക്തമാണ്.

ഇപ്രകാരം ഉപയോഗിച്ച സ്റ്റീലിന്റെ തൂക്കം കണക്കാക്കുന്നതിനായി അളവ്പുസ്തകത്തിൽ/പ്രൈസ് സോഫ്റ്റ് വെയറിലെ ഇ -അളവുപുസ്തകത്തിൽ ട്യൂബുകളുടെ തരം (സ്ക്വയർ/റെക്ടാംഗുലർ/റൗണ്ട്) പരിഛേദന നീളം, വീതി/ വ്യാസം, കനം എന്നിവയും അതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ച ട്യൂബിന്റെ നീളം, അവയുടെ എണ്ണം എന്നിവയും പരിഛേദവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്രമീറ്ററിന് ബാധകമായ ഭാരം കണക്കാക്കി ആകെ നീളത്തിനെ ഭാരത്തിലേയ്ക്ക് മാറ്റുന്നതിനുള്ള ഗുണകം (Coefficient) കണക്കാക്കി അതും രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നു കണ്ടു.
പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(I) ഇ-അളവു പുസ്തകത്തിൽ ഇനങ്ങളുടെ വിവരണത്തിൽ ട്യൂബുകളുടെ കനം രേഖപ്പെടുത്തിയിട്ടില്ല.

(II) സോഫ്റ്റ്‌വെയറിൽ ഗുണകം കണക്കാക്കുന്നതിനുള്ള ഭാഗത്ത് ഇത് കണക്കാക്കുന്നതിനാവശ്യമായ ഇനങ്ങളുടെ പരിഛേദന അളവുകൾ അതായത് നീളം, വീതി, കനം എന്നിവ ചേർക്കുകയോ, ഗുണകം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(Iii) സോഫ്റ്റ്‌വെയറിൽ മെഷർമെന്റ് എന്ന ഭാഗത്ത് ആകെ ഭാരം കണ്ട് പിടിക്കുന്നതിന് ഗണിത ക്രിയ ബാധകമാകുന്ന കോളത്തിൽ ഗുണകം (Coefficient) ചേർത്തിട്ടില്ല.

| പ്രോജക്റ്റ് | പ്രൈസ് എസ്റ്റിമേറ്റ് ഐഡി | ഇ-ബിൽ ക്രമനമ്പർ | ഐറ്റം നമ്പർ | ഉപയോഗിച്ച സ്റ്റീലിന്റെ ഭാരം (കി.ഗ്രാം) |
|---|---|---|---|---|
| 500/25 –ടി.കെ.എസ് പുരം പ്ലാന്റിൽ ആർ.ആർ.എഫ് നിർമ്മാണം. കരാറുകാരൻ-സജീവൻ.പി.എ<br>വകയിരുത്തിയ തുക-<br>81,34,000-കേന്ദ്രാവിഷ്കൃതം<br>16,66,000 -സി.എഫ്.സി<br>ആകെ-98,00,000<br>ഫസ്റ്റ്&പാർട്ട് ബിൽ-32,74,112<br>സെക്കന്റ് &പാർട്ട് ബിൽ -11,65,205 | 75065/24 | 9 | 5.22.6 | 3006.404 Kg(@82.24) |
| | | 16 | 50.10.1 | 17206.067 Kg(@161.41) |
| | | 17 | 50.10.2 | 2078.010 Kg(@129.50) |

1. ഈ പ്രവൃത്തിയിൽ ഉപയോഗിച്ച സ്റ്റീലിന്റെ സാമ്പിൾ തൂക്കി നോക്കി ശരാശരി വെയിറ്റ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഗുണകം കണക്കാക്കി ആകെ ഉപയോഗിച്ച ഹോളോ സെക്ഷനുകളുടെ നീളം

കൊണ്ട് ഗുണിച്ചാണ് പ്രവൃത്തിയ്ക്ക് ഉപയോഗിച്ച സ്റ്റീലിന്റെ ഭാരം കണക്കാക്കിയിട്ടുള്ളത്.

1. IS Code 1200 :1993 (ഭാഗം 8-കെട്ടിടങ്ങളുടെയും സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും അളവെടുക്കുന്ന രീതി) ഖണ്ഡിക 3.2 പ്രകാരം നീളം, വീതി, കനം/ആഴം/ഉയരം എന്ന ക്രമത്തിൽ സ്റ്റീലിന്റെ എല്ലാ ഭാഗങ്ങളും (Dimension) രേഖപ്പെടുത്തേണ്ടതും, ഖണ്ഡിക 3.7.1 പ്രകാരവും പ്രവൃത്തിയ്ക്കുപയോഗിച്ച സ്റ്റീലിന്റെ പരിഛേദത്തിന്റെ (Cross Section) നീളം, വീതി (ഉയരം), കനം എന്നിവ രേഖപ്പെടുത്തേണ്ടതാണെന്നും, അതിന്റെ അടിസ്ഥാനത്തിൽ ഗുണകം (Co Efficient) കണക്കാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2. യൂണിറ്റ് അടിസ്ഥാനത്തിൽ തൂക്കം നോക്കി ആകെ നീളം കൊണ്ട് ഗുണിച്ച് ആകെ ഭാരം കണക്കാക്കി തുക നല്കുന്നതിന് അനുമതി നൽകിയ സർക്കാർ നിർദ്ദേശങ്ങൽ നിലവിലില്ല എന്നതിനാൽ സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2009 ഖണ്ഡിക 10.13.5 പ്രകാരം സ്റ്റാന്റേഡ് ടേബിൾ അനുസരിച്ച് ഓരോ മീറ്ററിനുമുള്ള ഭാരം കണക്കാക്കിയാണ് തുക നല്കേണ്ടത്. സ്റ്റാന്റേഡ് ടേബിൾ എന്നാൽ ഇന്ത്യൻ സ്റ്റാന്റേഡ് പ്രകാരം അംഗീകരിച്ച ടേബിൾ ആകുന്നു. ഉദാഹരണത്തിന് IS 4923:1997 പ്രകാരം സ്ക്വയർ, റെക്ടാംഗിൾ ട്യൂബുലർ ഹോളോ സെക്ഷനുകളുടെ സ്റ്റാന്റേഡ് സൈസും അതിന്റെ ഒരു മീറ്ററിന്റെ ഭാരവും പട്ടികയായി ചേർത്തിട്ടുണ്ട്. ഈ പട്ടികയിൽ ഉൾപ്പെടാത്തവയുടെ ഭാരം കണക്കാക്കുന്നതിന് സൂത്രവാക്യവും നല്കിയിട്ടുള്ളതാണ്. ഈ സൂത്രവാക്യം പ്രകാരം ഓരോ ഹോളോ സെക്ഷനുകളുടെ ചതുരശ്രമീറ്റർ വിസ്തീർണത്തിനും ബാധകമായ ഗുണകം കണക്കാക്കാവുന്നതും ഉപയോഗിച്ച നീളം കൊണ്ട് ഗുണിച്ച് ആകെ ഭാരം കണക്കാക്കേണ്ടതുമാണ്. ഇന്ത്യൻ സ്റ്റാന്റേഡ് അനുസരിച്ച് നിർമിക്കുന്ന സ്റ്റീൽ ഉപയോഗിക്കേണ്ടതും മറ്റ് പരിശോധനകളിൽ യഥാർത്ഥ ഭാരം അനുവദിനീയമായ വ്യതിയാന പരിധിയിൽ നില്ക്കുന്ന കുറവാണെന്ന് കാണുന്ന പക്ഷം ആ തുക മാത്രം നല്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി (29/12.03.2026)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് പ്രവൃത്തികൾ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ഹൈവേ നിർമ്മാണ കമ്പനി പൊളിച്ച ടൗൺഹാൾ കോമ്പൗണ്ട് വാൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം

പ്രോജക്റ്റ് നം-350/25

അടങ്കൽ -11,90,000 (സി.എഫ്.സി)

കരാർ തുക -783,587.15

കരാറുകാരൻ-രഞ്ജിത്ത്.ടി

കരാർ കാലാവധി-9 മാസം

എഗ്രിമെന്റ് -128/03.03.2023

ഫസ്റ്റ് &പാർട്ട് ബിൽ -126553

സാങ്കേതികാനുമതി-5761/2023

ഫയൽ നം-2231571/2024

മേൽ പ്രവൃത്തിയുടെ ഫസ്റ്റ് &പാർട്ട് ബിൽ പ്രകാരം നഗരസഭ ടൗൺഹാളിന്റെ ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. അതു പ്രകാരം 1,26,553 രൂപയുടെ പ്രവൃത്തി 11.03.24 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയ പാത നിർമ്മാണ കമ്പനിയായ ശിവാലയ കൺസ്ട്രക്ഷൻസ് നടത്തിയ പ്രവൃത്തികളുടെ ഭാഗമായി 25.09.2024 ന് ഹിറ്റാച്ചി ഉപയോഗിച്ച് കുഴിയെടുത്തപ്പോൾ നിർമ്മാണം നടത്തിയ ഫൗണ്ടേഷൻ തകർന്നു പോയിട്ടുള്ളതാണ്. ആയത് പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് 03.10.24, 13.112024 എന്നീ തിയതികളിൽ ശിവാലയ കൺസ്ട്രക്ഷൻസിന് കത്ത് നൽകിയതിന് സമീപത്തുള്ള കാനയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് ഫൗണ്ടേഷൻ പുനർ നിർമ്മിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ പുനർ നിർമ്മിക്കുന്നതിന് 12,44,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ശിവാലയ കൺസ്ട്രക്ഷൻസിന് അയച്ചു നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതിവിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി-30/12.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച്

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 ജി.എൽ.പി.എസ്.ബി.എച്ച്.എസ് കോമ്പൗണ്ട് വാൾ നിർമ്മാണം-അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 267/25 |
| പ്രോജക്റ്റ് അടങ്കൽ | 7,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവു തുക | ഫസ്റ്റ്&പാർട്ട് ബിൽ-499293 (വൗച്ചർ നം.24001094/1.11.24)<br>സെക്കന്റ് &ഫൈനൽ ബിൽ - 162281 (വൗച്ചർ നം.24000891/24.01.25) |
| കരാറുകാരന്റെ പേര് | രജീഷാ.കെ.ആർ. |
| എഗ്രിമെന്റ് നമ്പർ/തീയതി | 146/AE//LID&ED/ 24-25 തീ. 16.03.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 45 Cm വീതിയും, 45cm ആഴവുമുള്ള ബേസ്മെന്റ് നിർമ്മാണത്തിനായി DSOR ഡാറ്റ കോഡ് 7.1.1 പ്രകാരമുള്ള സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ കെട്ടിന് (RR Masonary) ഒരു ക്യൂബിക് മീറ്ററിന് 7204.75 രൂപ നിരക്ക് അനുവദിച്ചിട്ടുണ്ട്. DSOR ഡാറ്റ കോഡ് 7.1.1 പ്രകാരമുള്ള ഈ ഇനം പ്രവൃത്തിയിൽ 24x24x39 സെ.മീ. അളവിലുള്ള ഏഴ് Through And Bond Stone ഉപയോഗിക്കുന്നതിനുള്ള നിരക്ക് ഉൾപ്പെടുന്നുണ്ട്. പരമാവധി 45 സെ.മീ. ഉയരം മാത്രമുള്ള ഈ കരിങ്കൽ കെട്ടിന് 24x24x39 സെ മീ അളവിലുള്ള Through And Bond Stone ആവശ്യമുള്ളതായി കാണുന്നില്ല. ആയതിനാൽ DSOR ഡാറ്റ കോഡ് 7.1.1 പ്രകാരമുള്ള ഈ ഇനം പ്രവൃത്തിയിൽ നിന്ന് Through And Bond Stone എന്നിവ ഒഴിവാക്കി കൊണ്ടുള്ള ഒബ്സർവ്ഡ് ഡാറ്റയാണ് RR Masonary-യ്ക്ക് അനുവദിക്കേണ്ടിയിരുന്നത്. ആയത് താഴെ കാണും പ്രകാരമാണ്.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1157 | Details Of Cost For 1 Cum<br>MATERIAL<br>Stone For Masonry Work | Cum | 1.05 | 1100 | 1,155.00 |
| 2215 | Carriage Of Masonry Stone | Cum | 1.05 | 122.08 | 128.18 |
| 3.11 | Cement Mortar 1:6 (1 Cement:6 Coarse Sand)<br>Rate As Per Item Number 3.11 Of SH: Mortar | Cum | 0.33 | 3356.15 | 1,107.53 |
| 0125 | LABOUR:<br>Mason( For Plain Stone Work) 2nd Class | Day | 1.07 | 679.00 | 726.53 |
| 0114 | Beldar | Day | 1.07 | 558.00 | 597.06 |
| 0115 | Coolie | Day | 0.71 | 558.0 | 396.18 |
| 0101 | Bhisti | Day | 0.09 | 617.00 | 55.53 |

| | | | | | |
|---|---|---|---|---|---|
| 9999 | Sundries-Cement Concrete 1:6:12 | L.S | 45.76 | 2.00 | 91.52 |
| 9999 | Sundries | L.S | 4.42 | 2.00 | 8.84 |
| Total | | | | | 4,266.37 |
| Add Water Charge @1% | | | | | 42.66 |
| Total | | | | | 4,309.03 |
| Add CPOH 15% | | | | | 646.35 |
| Total | | | | | 4,955.38 |
| Cost Index 35.59% | | | | | 1,763.61 |
| Total | | | | | 6,718.99 |

എന്നാൽ DSOR ഡാറ്റ കോഡ് 7.1.1 പ്രകാരമുള്ള മുഴുവൻ നിരക്കും (@7204.75/$M^3$) ഈയിനത്തിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുമൂലം കരാറുകാരന് അർഹമായതിലുമധികം ആനുകൂല്യം ലഭിക്കാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| എം ബുക്കിലെ ഐറ്റം നം | RR Masonary – യുടെ ആകെ അളവ് | അനുവദിച്ച തുക (DSR Item Code.7.1.1) | അർഹമായ തുക (ഒബ്സർവ്ഡ് ഡാറ്റ പ്രകാരം) | കൂടുതൽ നൽകിയത് |
|---|---|---|---|---|
| M.G.N: 1-3-1 | 14.681ക്യു. മീ | 1,01,533 @6916/$M^3$ (7204.75-4% Tender Below) | 94,696+ 1,231 (GST-18%) @6,450.23/$M^3$ (6,718.99/$M^3$- Tender Variation-4% Below) | 6,837+1,231= 8,068 |

മേൽ പ്രകാരം അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (36/13.03.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-40 വിവിധ സെക്ഷനുകളിലേക്ക് അലമാര ,വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റി മുറികളിലേക്ക് മേശയും കസേരയും-ജെം മുഖേന വാങ്ങൽ നടത്തിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം-225/25

ഫയൽ നം-19393/22

അടങ്കൽ-3,19,735 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്-3,05,959
വൗച്ചർ നം.- 24001112/03.09.2024

നഗരസഭയിലെ വിവിധ സെക്ഷനുകളിലേക്ക് അലമാരയും, സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ മുറികളിലേക്ക് മേശയും കസേരയും വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ (PW4-19393/22 Dt.14.02.2023) ക്ഷണിച്ചതിൽ ശ്രീ.സി.ആർ.രാഹുൽ എന്നയാളുടെ ക്വട്ടേഷൻ 18.03.2023 ലെ കൗൺസിൽ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തിയതി, തുക | ഇനം | എണ്ണം |
|---|---|---|---|
| 1 | BKM23005/12.042023-186000 | എക്സിക്യൂട്ടീവ്ചെയർ@16000 | 6 |
| | | | |

| | | | |
|---|---|---|---|
| | | ABM 100 ഓഫീസ് ചെയർ@4500 | 20 |
| 2 | O6/24.04.2023-119959 | അലമാര@14998 | 6 |
| | | ടേബിൾ @4194 | 5 |

അപാകങ്ങൾ

1) സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.7/2019/എസ്.പി.ഡി/26.04.2019 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. എന്നാൽ ജെം മുഖേന വാങ്ങൽ നടത്തുന്നതിന് നടപടി സ്വീകരിക്കാതെ ക്വട്ടേഷൻ മുഖേന വാങ്ങലുകൾ നടത്തിയത് ക്രമപ്രകാരമല്ല.

ശ്രീ.സി.ആർ.രാഹുൽ എന്നയാളുടെ ക്വട്ടേഷനാണ് കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതെങ്കിലും ക്രമ നം .1 പ്രകാരമുള്ള ഓഫീസ് ചെയർ, എക്സിക്യൂട്ടീവ് ചെയർ എന്നിവ BOSQ Ergonomic Living, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും, അലമാര, ഓഫീസ് ടേബിൾ എന്നിവ Best Industrial വെമ്പല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന്റെ ഇൻവോയ്സുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ സംഭവിക്കാനിടയായതിന്റെ സാഹചര്യം വ്യക്തമല്ല.

2) 2023 മാർച്ചിലെ മേൽ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ ഫർണ്ണീച്ചറുകളുടെ വില 2024 സെപ്റ്റംബർ മാസത്തിലാണ്നൽകിയിട്ടുള്ളത്. വൈകി തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

4) ഫർണ്ണീച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

GeM (Government E-Market Place) മുഖേന വാങ്ങൽ നടത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്തതിനും, അധിക തുക നൽകിയതിനും, തുക വൈകി കൈമാറിയതിനും വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/12.03.2026) 2023-24 സാമ്പത്തികവർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് ലഭ്യമാകാത്തതു കൊണ്ടാണ് തുക കൈമാറാൻ വൈകിയിട്ടുള്ളതെന്ന് അറിയിക്കുകയുണ്ടായി. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-41 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുപ്രകാരം കണക്കാക്കി കാലാവധി നീട്ടി നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ ഇത്തരത്തിൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50,000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2,000 രൂപ, കൂടിയത് 1,00,000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സ്റ്റാൻഡേർഡ് ബിഡ് ഡോക്യൂമെന്റ്, പൊതുമരാമത്ത് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതും, കരാറുകാരന്റെ അപേക്ഷ പരിശോധിച്ച് പിഴയോട് കൂടിയോ അല്ലാതെയോ കാലാവധി നീട്ടി നൽകുന്നതിന് 2100F മാതൃകയിലുള്ള ഫോറത്തിൽ എഗ്രിമെന്റ് അതോറിറ്റിയായ എഞ്ചിനീയർ ശുപാർശ ചെയ്യേണ്ടതുമാണ്. കാലാവധി ദീർഘിപ്പിച്ച് അനുവദിക്കുന്ന പക്ഷം കരാറുകാരൻ പ്രവൃത്തി സംബന്ധിച്ച് അനുബന്ധ കരാറിൽ ഏർപ്പെടണം. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 271/25, ടൗൺ എൽ.പി.സ്കൂൾ റിനോവേഷൻ (സ്പിൽ ഓവർ 357/24) |
| അടങ്കൽ | 10,00,000 (മെയിന്റനൻസ് |

| | |
|---|---|
| | ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | ₹6,44,292<br>(വൗച്ചർ നം.24001103/19.03.25) |
| എഗ്രീഡ് പി. എ. സി. | ₹5,72,356 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് സഗീർ |
| എഗ്രിമെന്റ് നം: | 104/AE/LSGD/ CKA/24-25, തീയതി.09.01.2024 |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത തീയതി | 19.01.2024 |
| അളവു പുസ്തകം | 57026/2023 |
| പൂർത്തീകരണ കാലാവധി | 18.10.2024 (9 മാസം) |
| പൂർത്തീകരിച്ച തിയതി | 12.03.2025 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹5,724 |
| ആകെ ഈടാക്കേണ്ട തുക | ₹5,724(പി എ സിയുടെ 1%) * |

മേൽ പ്രവൃത്തിയിൽ പിഴ ഈടാക്കാതെയാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. പിഴ ഈടാക്കത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-32/12.03.2026)

## 1-42 ആറാട്ട്കടവ് റോഡ് ടൈൽ വിരിക്കൽ -ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 278/25, ആറാട്ട്കടവ് റോഡ് ടൈൽ വിരിക്കൽ<br>(സ്പിൽ ഓവർ 357/24) |
| അടങ്കൽ | 4,00,000 (പ്ലാൻ ഫണ്ട്-ജനറൽ) |
| ചെലവ് | ₹2,37,093 (വൗച്ചർ നം.24000748/30.01.2025) |
| എഗ്രീഡ് പി.എ.സി. | ₹2,87,552.81 |
| കരാറുകാരൻ | ശ്രീ. രജീഷ്.കെ.ആർ |
| എഗ്രിമെന്റ് നം: | 61/AE/LSGD/24-25, തീയതി.30.11.2023 |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത തീയതി | 10.12.2023 |
| അളവു പുസ്തകം | 35562/2023 |
| പൂർത്തീകരണ കാലാവധി | 9 മാസം |
| പൂർത്തീകരിച്ച തിയതി | 05.01.2025 |

അപാകങ്ങൾ

1) മേൽ പ്രവൃത്തിയുടെ ഇനമായി 68 മീറ്റർ നീളത്തിൽ ടൈൽ വിരിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റിങ്ങ് ബണ്ട് നിർമ്മാണം, ബെയ്ലിംങ്ങ് ഔട്ട് വാട്ടർ, എർത്ത് വർക്ക് എക്സ്കവേഷൻ, DR മേസണറി ഫോർ ഫൗണ്ടേഷൻ, സ്റ്റോൺ മേസണറി എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. DR മേസണറി ചെയ്യുന്നതിനായി ബില്ലിലെ ഇനം 6 പ്രകാരം 3 മീറ്റർ നീളത്തിൽ റിങ്ങ് ബണ്ട്കെട്ടിയതിന് 4,284(3@1428) രൂപയും, ഇനം 7

പ്രകാരം ബെയ്‌ലിംങ്ങ് ഔട്ട് വാട്ടർ എന്ന ഇനത്തിന് 3 മണിക്കൂറിന് 335 വീതം 1,005 രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ DR മേസണറി പ്രവൃത്തി ചെയ്തിട്ടില്ല എന്നതിനാൽ 5,289 രൂപ കരാറുകാരന് നൽകിയത് മൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

2) പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുപ്രകാരം കണക്കാക്കി കാലാവധി നീട്ടി നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ ഇത്തരത്തിൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50,000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2,000 രൂപ, കൂടിയത് 1,00,000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ്, പൊതുമരാമത്ത് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതും, കരാറുകാരന്റെ അപേക്ഷ പരിശോധിച്ച് പിഴയോട് കൂടിയോ അല്ലാതെയോ കാലാവധി നീട്ടി നൽകുന്നതിന് 2100F മാതൃകയിലുള്ള ഫോറത്തിൽ എഗ്രിമെന്റ് അതോറിറ്റിയായ എഞ്ചിനീയർ ശുപാർശ ചെയ്യേണ്ടതുമാണ്. കാലാവധി ദീർഘിപ്പിച്ച് അനുവദിക്കുന്ന പക്ഷം കരാറുകാരൻ പ്രവൃത്തി സംബന്ധിച്ച് അനുബന്ധ കരാറിൽ ഏർപ്പെടണം. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 ഹെൽത്ത് ഗ്രാന്റ് അവലോകനം

കൊടുങ്ങല്ലൂർ നഗരസഭ– ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

കൊടുങ്ങല്ലൂർ നഗരസഭയിൽ ഒരു താലൂക്ക് ആശുപത്രിയും(കൊടുങ്ങല്ലൂർ), പി.എച്ച്.സിയും(മേത്തല) 5 ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുടെ നടത്തിപ്പ്, ആരോഗ്യ-ശുചിത്വ മേഖലയുടെ പരിപാലനം, കുടുംബക്ഷേമം മുതലായവ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് നഗരസഭകൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ

സൗകര്യങ്ങൾ ഏർപ്പെടുത്തൽ

നഗരപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റു ആരോഗ്യ സ്ഥാപനങ്ങളിലും 64 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതു പ്രാവർത്തികമാക്കുന്നതിനു വേണ്ടി നഗരഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച നൽകിയ ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നഗരപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നഗര സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മറ്റ് ആശുപത്രികളിലും താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

1. ഉപകരണങ്ങൾ വാങ്ങൽ

2. പരിശോധനയ്ക്ക് വേണ്ട റീഏജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

3. ഉപകരണങ്ങൾ, റീഏജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ

4. ആരോഗ്യ കേന്ദ്രങ്ങളിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്ത് മുകൾത്തട്ടിലുള്ള ലാബുകളിലേക്ക് കൊണ്ടു പോകുന്നതിനുള്ള സൗകര്യം

5. ഉപകരണങ്ങളുടെ മെയിന്റൻസ്

6. ആരോഗ്യ സ്ഥാപനത്തിലെ ലാബ് ടെക്നീഷ്യൻസ്, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിനു വേണ്ട പരിശീലനം

7. മോണിറ്ററിംഗ് ചെലവുകൾ

8. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

9. ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങൽ

സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

ഈ സ്കീമിനു രണ്ടു ഘടകങ്ങളാണുള്ളത് (എ) അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ (ബി) അർബൻ പോളിക്ലിനിക്കുകൾ

താഴെ പറയുന്ന സേവനങ്ങൾ ആണ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിൽ നിന്നും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

1. ആരോഗ്യ വർദ്ധന സേവനങ്ങൾ-ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2. രോഗ പ്രതിരോധപ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

3. വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

4. അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

5. രോഗചികിത്സാസൗകര്യങ്ങൾ - പകർച്ചവ്യാധികൾ, ജീവിതശൈലീരോഗങ്ങൾക്കുള്ള ചികിത്സ

6. ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

7. ദീർഘകാല രോഗങ്ങൾക്ക് ചികിത്സ, മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

8. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ

അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള നഗരസഭകളിൽ ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് മൂന്നു പുതിയ ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന നിരക്കിലും മറ്റു നഗരഭരണസ്ഥാപനങ്ങളിൽ രണ്ട് പുതിയ ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന നിരക്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. മേൽപ്പറഞ്ഞ ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ കൂടാതെ പൊതുജനങ്ങൾക്ക് സ്പെഷ്യാലിറ്റി സർവീസ്

ലഭ്യമാക്കുന്നതിന് പോളിക്ലിനിക്കുകൾ ആരംഭിക്കാവുന്നതാണ്. എല്ലാ അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള PHC/CHC/FHC കളിലോ പുതുതായി തുടങ്ങുന്ന ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിലോ ഏതെങ്കിലും ഒരിടത്ത് അർബൻ പോളിക്ലിനിക്ക് ആരംഭിക്കാവുന്നതാണ്. അർബൻ പോളിക്ലിനിക്കിൽ വിവിധ സ്പെഷ്യാലിറ്റി സേവനങ്ങൾ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം എന്ന രീതിയിൽ ലഭ്യമാക്കാവുന്നതാണ്.

ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ഫണ്ടുകളുടെ വിശദാംശങ്ങൾ

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് നഗരസഭ 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരവ്-പട്ടിക 1

| സ്കീം. | | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 6 | Grants For Specific Purposes-Health Grant Towards Building Less Subcentres | 3,27,21,500 | 42,35,000 | 19,94,000 | 27,00,000 |
| 5 | Grants For Specific Purposes-Health Grant Towards Support For Diagnostic Infra Structure | | 43,01,000 | 5,76,000 | 5,76,000 |

ചെലവ്-പട്ടിക 2

| സ്കീം | | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 6 | Grants For Specific Purposes-Health Grant Towards Building Less Subcentres | 0 | 0 | 1,68,80,467 | 31,68,128 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | Grants For Specific Purposes-Health Grant Towards Support For Diagnostic Infra | | | 4,28,930 | 11,96,047 |

നീക്കിയിരിപ്പ്-പട്ടിക 3

| ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ | |
|---|---|
| സ്കീം6 കാനറ ( 110048684481) | 1,52,97,916 |
| സ്കീം5 കാനറ ( 110048685430) | 23,05,283 |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

4. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള ചെലവ് തുകകളുടെ നഗരസഭ ലഭ്യമാക്കിയ വിവരം

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 469 | കൊടുങ്ങല്ലൂർ നഗരസഭ - 1 - 2 - 3 നമ്പർ അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ | 5,24,256 |
| 470 | കൊടുങ്ങല്ലൂർ നഗരസഭ - 1 - 2 - 3 അർബൻ ഹെൽത്ത് ആൻറ് വെൽനസ് സെൻററുകൾക്ക് വാടക നൽകൽ - ടെലികൺസൾട്ടേഷൻ സൌകര്യം ഏർപ്പെടുത്തൽ | 6,920 |
| 485 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - പാലിയേറ്റീവ് കെയർ | 2,77,632 |
| 486 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - ക്യാൻസർ കെയർ | 1,63,425 |
| 487 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - പോളിഡെന്റൽ ക്ലിനിക്ക് | 48,00,000 |
| 489 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - വയോജനങ്ങൾക്ക് സമഗ്ര പരിചരണ സംവിധാനം ഒരുക്കൽ | 1,02,38,500 |
| 490 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - ആനാപ്പുഴ അർബൻ ഹെൽത്ത് സെന്ററിന്റെ ആവർത്തന ചെലവുകൾക്ക് | 2,89,000 |
| 491 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - മേത്തല ഫാമിലി ഹെൽത്ത് സെന്ററിന്റെ ആവർത്തന ചെലവുകൾക്ക് | 2,89,000 |
| 495 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രന്റ് - 2022-23 - മേത്തല ഫാമിലി ഹെൽത്ത് സെന്റിലേക്ക് രോഗ നിർണ്ണയ | 4,28,930 |

| | | |
|---|---|---|
| | സൌകര്യങ്ങൾ ഏർപ്പെടുത്തൽ | |
| 498 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - 1-2-3 അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ ആവർത്തന ചെലവുകൾക്ക് | 2,91,734 |
| 396 | കൊടുങ്ങല്ലൂർ നഗരസഭ - 1 - 2 - 3 അർബൻ ഹെൽത്ത് ആൻറ് വെൽനസ് സെൻററുകൾക്ക് വാടക നൽകൽ - ടെലികൺസൾട്ടേഷൻ സൌകര്യം ഏർപ്പെടുത്തൽ | 1,89,444 |
| 397 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - 1-2-3 അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ ആവർത്തന ചെലവുകൾക്ക് | 29,17,117 |
| 398 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2021-22 - ക്യാൻസർ കെയർ | 41,575 |
| 531 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രന്റ് - 2022-23 - മേത്തല ഫാമിലി ഹെൽത്ത് സെന്റിലേക്ക് രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 2,26,141 |
| 532 | കൊടുങ്ങല്ലൂർ നഗരസഭ - ഹെൽത്ത് ഗ്രാന്റ് - 2022-23 - രോഗനിർണ്ണയ സൌകര്യങ്ങൾ ഒരുക്കൽ | 9,69,906 |
| 546 | കൊടുങ്ങല്ലൂർ നഗരസഭ- ഹെൽത്ത് ഗ്രാന്റ് 2021-22 അർബൻ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 19,992 |

കുറിപ്പ്. നഗരസഭ ലഭ്യമാക്കിയ ഹെൽത്ത് ഗ്രാന്റ് വരവ്-ചെലവുകളുടെ കണക്കുകൾ വിവിധ വർഷങ്ങളിലെ സുലേഖ ചെലവുപത്രികയിലെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വരവ്-ചെലവുകണക്കുകളുടെ കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ സമഗ്ര വയോജന പദ്ധതിയുടെ ഭാഗമായി കൊടുങ്ങലൂർ നഗരസഭയ്ക്ക് 1,02,38,500 രൂപയും ഡെന്റൽ ക്ലിനിക് നിർമ്മാണത്തിന് 48,00,000 രൂപയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതായി നഗരസഭയുടെ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ തുക കൊടുങ്ങലൂർ താലൂക്ക് ആശുപത്രിയുടെ എം.എച്ച്.സി അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്. കൊടുങ്ങലൂർ താലൂക്ക് ആശുപത്രിയിൽ 2024-25 സാമ്പത്തിക വർഷം വരെ യാതൊരു ചെലവുകളും ഈ തുകകളിൽ നിന്നും നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ആരോഗ്യ സേവന മേഖലയുടെ ശാക്തീകരണത്തിനായി ഹെൽത്ത് ഗ്രാന്റ് സ്കീം 5, 6 എന്നിവയിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ച് ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ആതുര സേവന മേഖലയിൽ നഗരസഭാ പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 മുൻസിപ്പൽ പെൻഷൻ ഫണ്ട്-അവലോകനം

കൊടുങ്ങലൂർ നഗരസഭയിലെ മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1). 2024-25 സാമ്പത്തിക വർഷം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ

വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ.

| 2024-25 സാമ്പത്തിക വർഷം പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ പേരും തസ്തികയും. | | പെൻഷൻ/ ഫാമിലി പെൻഷനായി നൽകിയ തുക. | | DCRG ഇനത്തിൽ നൽകിയ തുക. | | പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകിയ തുക. | | ആകെ തുക. | |
|---|---|---|---|---|---|---|---|---|---|
| പേര് | വിരമിച്ചപ്പോഴത്തെ തസ്തിക. | തനത് ഫണ്ട്. | ജി.പി.ജി | തനത് ഫണ്ട്. | ജി.പി.ജി | തനത് ഫണ്ട്. | ജി.പി.ജി | തനത് ഫണ്ട്. | ജി.പി.ജി |
| റാണി ഒ.സി,പിപിഒ നം.9041 | സീ.കൽർക്ക് | 0 | 0 | | 4,99,384 | 0 | 7,96,004 | 0 | 0 |
| പി എം ഇസ്മയിൽ, പിപിഒ നം.9057 | അസി. സെക്രട്ടറി | 0 | 0 | | 8,07,963 | 0 | 13,16,416 | | |

2). 2021-22 മുതൽ 2024-25 വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിവരങ്ങളും, പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ ഓരോ സാമ്പത്തിക വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും.

| സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക സംബന്ധിച്ചുള്ള വിവരങ്ങൾ. | | |
|---|---|---|
| സാമ്പത്തിക വർഷം. | പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം. | ഒടുക്കിയ തുക. |
| 2020-21 | 9,40,516 | 9,40,516 |
| 2021-22 | 8,77,950 | 8,77,950 |
| 2022-23 | 32,14,550 | 32,14,550 |
| 2023-24 | 27,11,327 | 27,11,327 |
| 2024-25 | 25,28,766 | 25,28,766 |
| ആകെ. | 1,02,73,109 | 1,02,73,109 |

| പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ ഓരോ സാമ്പത്തിക വർഷങ്ങളിലും ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ. | | |
|---|---|---|
| സാമ്പത്തിക വർഷം. | തനത് ഫണ്ട്. | ജനറൽ പർപ്പസ് ഫണ്ട്. |
| 2024-25 | 41,93,784 | 76,65,512 |
| ആകെ. | 41,93,784 | 76,65,512 |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച തുകയുടെ വിവരം.

| ക്രമനമ്പർ. | അലോട്ട്മെന്റ് നമ്പർ & തീയതി. | ലഭിച്ച തുക. | അക്കൗണ്ടിൽ വരവ് വന്ന തീയതി. |
|---|---|---|---|
| 1 | ലഭിച്ചിട്ടില്ല. | | |

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാത് നഗരസഭകളുടെ മുനിസിപ്പൽ

പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ കൊടുങ്ങല്ലൂർ നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് യഥാസമയം നൽകുകയുമാണ് ചെയ്തു വരുന്നത്.

3). പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് നിലവിലില്ല.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9-ാം ചട്ടത്തിലെ (3), (4) ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പെൻഷൻ ഫണ്ടും നഗരസഭയിൽ ആരംഭിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള അക്കൗണ്ടുകൾ ആരംഭിക്കേണ്ടതും ഇടപാടുകൾ ഇതുവഴി നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-അപാകങ്ങൾ പരിഹരിക്കണം.

A). നഗരസഭയിൽ റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തി സമഗ്രമായ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

B). പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5). സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള നഗരസഭയിൽ നിന്നല്ലാതെ കൊടുങ്ങല്ലൂർ നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ.

| ക്രമ നമ്പർ. | പേരും തസ്തികയും. | വിരമിച്ച നഗരസഭ. | വിരമിച്ച തീയതി. |
|---|---|---|---|
| 1 | റാണി ഒ.സി,സീ.കൽർക്ക,പിപിഒ നം.9041 | ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് | 30.04.2024 |
| 2 | പി എം ഇസ്മയിൽ,അസി. സെക്രട്ടറി,പിപിഒ നം.9057 | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 31.05.2024 |

6). കേരള ട്രഷറി കോഡ് വോള്യം I ചട്ടം 273 (എ, ബി) പ്രകാരമുള്ള രജിസ്റ്ററുകൾ, ചട്ടം 280 (എ) പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്നുണ്ട്. ചട്ടം 287, 288 പ്രകാരമുള്ള വാർഷിക മസ്റ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വാർഷിക മസ്റ്ററിംഗ് സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7). പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും (പെൻഷൻ രജിസ്റ്റർ, പെൻഷൻ പേയ്മെന്റ് ഓർഡർ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ) എന്നിവയിൽ ഒരു രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. നിയമാനുസൃത രജിസ്റ്ററുകളും രേഖകളും യഥാവിധി പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

മുനിസിപ്പൽ പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതും ആയതിന്റെ വാർഷിക അക്കൗണ്ട് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-45 കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിലെ പരിമിതികളും അപാകതകളും-ഓഡിറ്റ് അവലോകനം

